മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 04 THE ONLINE OFFICIAL NEWS BULLETIN 2026 January 22

SEASON OF THE EPIPHANY ❖ ദനഹാക്കാലം ❖ ܥܕܢܐ ܕܝܠܕܐ

ܚܕ ܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬ ܒܫܒܐ TUESDAY	ܐܪܒܥ ܒܫܒܐ WEDNESDAY	ܚܡܫ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
25 ♪6 3rd Sunday after Epiphany Pethurtho of Nineveh Fast	NINEVEH FAST 26 ♪2 Nineveh Fast Begins 20th Mem. of H.H.Baselios Mar Thoma Mathews II Catholicos ✠ (Shasthamkotta Mount Horeb) 72nd Mem. of Paulose Mar Athanasios ✠ (Kuttikkattil) (Aluva Thrikkunnath Seminary)	(THREE-DAY FAST) 27 ♪6	SAWMO DNINWE 28 ♪2 Comme. of Prophet Jonah	29 ♪6 ✦ Nineveh Feast Comme. of Patriarch St. Severios of Antioch	30 ♪2	31 ♪6

തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയിച്ച മലങ്കരസഭാംഗങ്ങൾ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്കും സഭാ സ്ഥാനികൾക്കുമൊപ്പം.

ഏലപ്പാറ ബഥനി ഹോളിസ്റ്റിക് റിട്രീറ്റ് സെന്റർ

കട്ടപ്പന: ഏലപ്പാറയിൽ ആത്മീയ ചൈതന്യം നിറച്ച് ബഥനി ഹോളിസ്റ്റിക് റിട്രീറ്റ് സെന്റർ. തിരക്ക് പിടിച്ച, സമ്മർദം നിറഞ്ഞ ജീവിതത്തിൽ നിന്ന് ശാന്തത തേടുന്നവർക്കായി ബഥനി ആശ്രമം സജ്ജമാക്കിയിരിക്കുന്ന ആത്മീയ അനുഭവമാണ് ബഥനി ഹോളിസ്റ്റിക് റിട്രീറ്റ് സെന്റർ. ജനുവരി 17-നു ആശ്രമം സുപ്പീരിയർ തോമസ് റമ്പാൻ വിശുദ്ധ കുർബാനയർപ്പിച്ചു. സഖറിയാസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെയും മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെയും റമ്പാൻമാരുടെയും വൈദിക ശ്രേഷ്ഠരുടെയും കാർമ്മികത്വത്തിൽ നവീകരിച്ച മന്ദിരത്തിന്റെ വി. കൂദാശ നിർവഹിക്കപ്പെട്ടു.

അങ്കമാലി ഭദ്രാസനത്തിലെ സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ OCYM & MGOCM നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ കൂദാശ കർമ്മം യുവജനപ്രസ്ഥാനം പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1957)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

1957 നവംബർ

27 ബുധൻ. പഴയസെമിനാരി മാനേജരും യാക്കോബ് കത്തനാരും വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാരും വന്ന് നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

28 വ്യാഴം. മാർ യാക്കൂബ് ബുർദാനായുടെ ഓർമ്മയായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. അബ്രഹാം കത്തനാർ വന്നു നമ്മോടുകൂടി താമസിച്ചു.

29 വെള്ളി. സിബേലിന്റെ മല്പാൻ മാർ യാക്കൂബിന്റെ ഓർമ്മയായിരുന്നു. അബ്രഹാം കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

30 ശനി. പഴയസെമിനാരി മാനേജർ വന്നിരുന്നു. മാളിയക്കലെ മാത്തുക്കുട്ടിക്ക്[49] സുഖമില്ലാത്തതിനാൽ നാം അവിടെ പോകയും പ്രത്യേക പ്രാർത്ഥന കഴിക്കയും ഉടനെതന്നെ മാങ്ങാനം ദയറായിൽ പോയി പള്ളിയും മറ്റും സന്ദർശിക്കുകയുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

1957 ഡിസംബർ

1. ഞായർ. 25 നോമ്പ് ആരംഭം. ഏലിശുബായുടെ അടുക്കലേക്കുള്ള യാത്ര. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ 1/2 മണിക്കൂർ പ്രസംഗിച്ചു. 10 1/2 മണിയോടുകൂടി കുർബാന കഴിഞ്ഞു നാം വിശ്രമിച്ചു.

2. തിങ്കൾ. അബ്രഹാം കത്തനാരും പഴഞ്ഞി പള്ളി വികാരി അബ്രഹാം കത്തനാരും വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

3. ചൊവ്വ. എൻ. ജി. കുര്യൻ കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. നമ്മുടെ രക്തത്തിൽ പഞ്ചസാര ഉണ്ടോ എന്നു പരിശോധിക്കുന്നതിനു കോട്ടയം ആശുപത്രിയിൽ നിന്നും ഒരാൾ വന്നു നമ്മുടെ രക്തം എടുക്കുകയുണ്ടായി. പരിശോധനഫലമായി അല്പം ഉണ്ടെന്നും മനസ്സിലായി. കൂറിലോസ് മെത്രാച്ചൻ 11 മണിയോടുകൂടി കേസിന്റെ പണപിരിവിനായി വന്നിരുന്നു. ഉടൻതന്നെ പോകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

കുണ്ടറയ്ക്കുള്ള യാത്ര

4 ബുധൻ. നാം ഇന്നു രാവിലെ ദേവലോകം അരമനയിൽ നിന്നും കുണ്ടറ സെമിനാരിയിലേക്കു തിരിച്ചു. 12 മണിയോടു കൂടി കുണ്ടറ എത്തി നാം വിശ്രമിച്ചു. സെമിനാരി മാനേജർ യാക്കോബ് കത്തനാരും കളത്ര യാക്കോബ് കത്തനാരും നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

5 വ്യാഴം. നാം സുഖമായി താമസിച്ചു. സെമിനാരി മാനേജരും കളത്രയാക്കോബ് കത്തനാരും ദെല്ലാ ദാനിയേൽ കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

6 വെള്ളി. മാർ സോഖെയുടെ ഓർമ്മദിവസം ആയിരുന്നു. വി. കുർബാന മാനേജർ യാക്കോബ് കത്തനാർ ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. കളത്ര യാക്കോബ് കത്തനാരും ദാനിയേൽ കത്തനാരും കുർബാനയിൽ സംബന്ധിച്ചു.

7 ശനി. ഉച്ചമേശയും കഴിഞ്ഞ് നാം കുണ്ടറ നിന്നും തിരുവനന്തപുരം സെന്റ് ജോർജ്ജ് പള്ളിയിലേക്കു തിരിച്ചു. 4 1/2 മണിയോടു കൂടി അവിടെ എത്തി. മോടിശ്ശേരിൽ മാത്യു കത്തനാരും ഈപ്പൻ കത്തനാരും അവിടെ ഉണ്ടായിരുന്നു. മാത്യൂസ് കത്തനാർ നമ്മോടുകൂടെ താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു. മാളിയക്കലെ എം. സി. മാത്യു മരിച്ച വിവരം രാത്രി 10 മണിയോടു കൂടി ഫോൺ മുഖാന്തരം നമ്മെ അറിയിച്ചു.

8 ഞായർ. മാർ യോഹന്നാൻ മാംദാനായുടെ ഓർമ്മയായിരുന്നു. ആദ്യത്തെ കുർബാന 6 3/4 നു തുടങ്ങി. ഈപ്പൻ കത്തനാർ ആണു വി. കുർബാന ചൊല്ലിയത്. രണ്ടാമത്തെ കുർബാന 8 മണിയോടു കൂടി തുടങ്ങി. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. മാത്യൂസ് കത്തനാരും ഈപ്പൻ കത്തനാരും കുർബാനയിൽ സംബന്ധിച്ചു. 12 മണിയോടു കൂടി കുർബാന കഴിഞ്ഞു നാം വിശ്രമിച്ചു.

രക്തം പരിശോധിപ്പിക്കുന്നതിന് 4 1/2 മണിയോടുകൂടി ഡോക്ടർ പൈ വന്നു. നാം അസുഖങ്ങൾ ഡോക്ടറെ മനസ്സിലാക്കി. അദ്ദേഹം വേണ്ട പരിശോധനകൾ നടത്തി. രക്തം എടുക്കയും ചെയ്തു. മാത്യൂസ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

9 തിങ്കൾ. നാം സുഖമായി താമസിച്ചു. മാത്യൂസ് കത്തനാരും ഈപ്പൻ കത്തനാരും നമ്മോടുകൂടി താമസിച്ചു.

10 ചൊവ്വ. മാർ ബഹനാൻ സഹദായുടെ ഓർമ്മദിവസമായിരുന്നു. ഈപ്പൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. മാത്യൂസ് കത്തനാരും കുർബാനയിൽ സംബന്ധിച്ചു. 9 മണിയോടു കൂടി ഡോക്ടർ പൈ വന്ന് നമ്മുടെ രക്തം എടുത്തു. മറ്റ് മരുന്നുകൾ കുറിച്ചു തന്നു. മാത്യൂസ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

11 ബുധൻ. നാം സുഖമായി താമസിച്ചു. മാത്യൂസ് കത്തനാരും ഈപ്പൻ

കത്തനാരും ഇവിടെ ഉണ്ടായിരുന്നു. മൂന്നര മണിയോടുകൂടി കാഴ്ചബംഗ്ലാവിൽ നാം പോകയും അവിടെയുള്ള മൃഗങ്ങളെയും മറ്റും കാണുകയും ചെയ്തു. നമ്മോടു കൂടി മാത്യൂസ് കത്തനാരും ഈപ്പൻ കത്തനാരും ഉണ്ടായിരുന്നു. മാത്യൂസ് കത്തനാർ നമ്മോടു കൂടി താമസിച്ചു. സന്ധ്യാ നമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

12 വ്യാഴം. ഡോക്ടർ പൈ രാവിലെ 9 മണിയോടു കൂടി വന്നിരുന്നു. മരുന്നുകൾ കുത്തിവയ്ക്കുകയും രക്തം വീണ്ടും പരിശോധനയ്ക്കായി എടുക്കുകയും ചെയ്തു. മാത്യൂസ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

13 വെള്ളി. കോരുതു ജഡ്ജിയും മറ്റും നമ്മെ കാണുന്നതിനായി വന്നിരുന്നു. മാത്യൂസ് കത്തനാർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാ നമസ്ക്കാര ശേഷം വിശ്രമിച്ചു.

14 ശനി. ഉച്ചമേശയും കഴിഞ്ഞ് 3 മണിയോടുകൂടി തിരുവനന്തപുരം പള്ളിയിൽ നിന്നും കുണ്ടറ സെമിനാരിയിലേക്കു പോന്നു. 5 മണിയോടു കൂടി വന്നുചേർന്നു. യാക്കോബ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

15 ഞായർ. നീതിമാനായ യൗസേപ്പിന്റെ വെളിപാടിന്റെ ഞായറാഴ്ച ആയിരുന്നു. നാം വി. കുർബാന ചൊല്ലി. യാക്കോബ് കത്തനാർ കുർബാനയിൽ സംബന്ധിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. സന്ധ്യാ നമസ്ക്കാരശേഷം നാം വിശ്രമിച്ചു. യാക്കോബ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

16 തിങ്കൾ. നാം സുഖമായി താമസിച്ചു. മുഖത്തല യോഹന്നാൻ കത്തനാർ വന്നിരുന്നു. മാനേജരും കളത്ര യാക്കോബ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

17 ചൊവ്വ. ഉച്ചമേശയും കഴിഞ്ഞ് 3 മണിയോടുകൂടി കുണ്ടറ നിന്നും ദേവലോകത്തേക്കു തിരിച്ചു. പോരുംവഴി ബിഷപ്പ് ജേക്കബ് മരിച്ച വാർത്ത അറിഞ്ഞ് നാം അവിടെ പോകയും പ്രാർത്ഥനയ്ക്കുശേഷം ദേവലോകത്തേക്കു പോരുകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

18 ബുധൻ. മാർത്തോമ്മാ ശ്ലീഹാ ശൂലം ഏറ്റതിന്റെ ഓർമ്മദിവസം ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. പഴയസെമിനാരി മാനേജരും വന്നിരുന്നു. കാപ്പിമേശയ്ക്കുശേഷം മാളിയക്കലെ എം. സി. മാത്യുവിന്റെ കബറിടത്തിൽ പ്രത്യേക ധൂപപ്രാർത്ഥന നടത്തി. മാനേജരും നമ്മോടുകൂടി വന്നിരുന്നു. മല്പാൻ നമ്മോടുകൂടി താമസിച്ചു.

19 വ്യാഴം. മാർതോമാശ്ലീഹാ ശൂലം ഏറ്റ ദിവസം ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം വി. കുർബാനയിൽ സംബന്ധിച്ചു. ഗ്രീഗോറിയോസ് മെത്രാച്ചനും പാറമേൽ കുറിയാക്കോസു കത്തനാരും വന്നിരുന്നു. മെത്രാച്ചൻ കുന്നംകുളത്ത് പെരുന്നാൾ നടത്തുന്നതിനായി പോകാൻ വന്ന വഴി നമ്മെ കാണുന്നതിനായി വന്നിരുന്നു. ഉടൻതന്നെ പോകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

20 വെള്ളി. മാർതോമ്മാശ്ലീഹാ ശൂലം ഏറ്റതിന്റെ ഓർമ്മദിവസം ആയിരുന്നു. മല്പാൻ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. അബ്രഹാം കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

21 ശനി. മാർതോമ്മാ ശ്ലീഹായുടെ ഭാഗ്യമരണം പ്രാപിച്ച ദിവസം ആയിരുന്നു. അബ്രഹാം കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

22 ഞായർ. ജനനപെരുനാളിന്റെ മുമ്പുള്ള ഞായറാഴ്ച ആയിരുന്നു. നാം വി. കുർബാന അർപ്പിച്ചു. തോബിയാർ കത്തനാർ വി. കുർബാനയിൽ സംബന്ധിക്കയും കുർബാന കഴിഞ്ഞ് പ്രസംഗിക്കയും ചെയ്തു. സി. റ്റി. ഈപ്പൻ കത്തനാരും കുർബാനയിൽ സംബന്ധിച്ചു. മല്പാൻ ഉണ്ടായിരുന്നു. കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു.

23 തിങ്കൾ. പഴയസെമിനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

അയ്യമ്പള്ളി മനപ്പിള്ളി യാത്ര

24 ചൊവ്വ. നാം രാവിലെ കാപ്പിമേശ കഴിഞ്ഞ് 9 മണിയോടു കൂടി ദേവലോകം അരമനയിൽ നിന്നും തിരിച്ചു. 11 മണിയോടു കൂടി മൂവാറ്റുപുഴ തിമോത്തിയോസ് മെത്രാച്ചന്റെ അരമനയിൽ എത്തി. കൂറിലോസ് മെത്രാച്ചനും അവിടെ ഉണ്ടായിരുന്നു. ഉച്ചമേശയും കഴിഞ്ഞ് നാം അയ്യമ്പള്ളിക്കു യാത്രയായി. 7 മണിയോടു കൂടി അയ്യമ്പള്ളി മനപ്പിള്ളി സെന്റ് കുറിയാക്കോസ് സഹദായുടെ നാമത്തിൽ സ്ഥാപിച്ച പള്ളിയിൽ എത്തി. യൽദോയുടെ സന്ധ്യാനമസ്ക്കാരം നടത്തി. അതിനുശേഷം നാം വിശ്രമിച്ചു. ഡോക്ടർ പോൾ വന്നിരുന്നു. നമ്മുടെ അസ്സുഖത്തെപ്പറ്റി നാം പറയുകയും വേണ്ട നിർദ്ദേശങ്ങൾ തരുകയും ചെയ്തു.

25 ബുധൻ. യൽദോ പെരുന്നാൾ. കർത്താവിന്റെ ജനനദിവസം ആയിരുന്നു. രാത്രി 2 മണിയോടു കൂടി നമസ്ക്കാരം ആരംഭിച്ചു. അതിന്റെ ശേഷം യൽദോയുടെ ശുശ്രൂഷകൾ ആരംഭിക്കയും അതിനെ തുടർന്ന് പ്രഭാത നമസ്ക്കാരം തുടങ്ങി. നാം വി. കുർബാന അർപ്പിച്ചു. കുർബാന മദ്ധ്യേ നാം പ്രസംഗിച്ചു. 7 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. ഡോക്ടർ വന്ന് പരിശോധിക്കയും കുത്തിവയ്ക്കയും ചെയ്തു. ജോസഫ് കത്തനാർ വി. കുർബാനയിൽ സംബന്ധിച്ചു.

26 വ്യാഴം. മാതാവിന്റെ പുകഴ്ച്ചയുടെ പെരുന്നാൾ ആയിരുന്നു. ജോസഫ് കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. ഡോക്ടർ പോൾ വന്നു. കുത്തിവയ്ക്കുകയുണ്ടായി. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

27 വെള്ളി. ശിശുവധപെരുന്നാൾ ആയിരുന്നു. ജോസഫ് കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് നാം മാർ കുറിയാക്കോസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിക്കാനുള്ള ശുശ്രൂഷ ആരംഭിച്ചു. പ്രദക്ഷിണം കഴിഞ്ഞ് പ്രത്യേകം തയാറാക്കിയ സ്ഥലത്ത് നാം സ്ഥാപിച്ചു. അതിന്റെശേഷം നാം വിശ്രമിച്ചു. ഡോക്ടർ പോൾ വന്ന് കുത്തിവയ്ക്കയും മറ്റും ചെയ്തു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

28 ശനി. മണലിൽ യാക്കോബ് കത്തനാരും ജോസഫ് കത്തനാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു. ഡോ. പോൾ വന്നിരുന്നു. കുത്തിവയ്ക്കയും ചെയ്തു.

29 ഞായർ. ജനനപെരുനാളിനു ശേഷം 1-ാം ഞായർ ആയിരുന്നു. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ പ്രസംഗിച്ചു. ജോസഫ് കത്തനാർ കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് അല്പം വിശ്രമിച്ചു. അതിനുശേഷം മേക്കര യാക്കോബിന്റെ വിവാഹം നാം നടത്തുകയുണ്ടായി. അതിനുശേഷം നാം വിശ്രമിച്ചു. ഡോക്ടർ പോൾ വന്നിരുന്നു.

30 തിങ്കൾ. നാം സുഖമായി താമസിച്ചു. ഡോക്ടർ പോൾ വന്നു കുത്തിവയ്ക്കയുണ്ടായി. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

31 ചൊവ്വ. നാം സുഖമായി താമസിച്ചു. ജോസഫ് കത്തനാർ വന്നിരുന്നു. ഡോക്ടർ പോൾ വന്നിരുന്നു. വേണ്ട നിർദ്ദേശങ്ങൾ തന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

1958 ജനുവരി

1 ബുധൻ. ബസ്സേലിയോസ് ഗ്രീഗോറിയോസിന്റെ ഓർമ്മയായിരുന്നു. ജോസഫ് കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാനമദ്ധ്യേ പ്രസംഗിച്ചു. ഒമ്പതര മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. ഉച്ചമേശ കഴിഞ്ഞ് നാം അയ്യമ്പള്ളിൽ നിന്ന് എറണാകുളത്ത് പള്ളിയിൽ വന്നു. ഡോക്ടർ പോൾ നമ്മോടുകൂടി വന്നിരുന്നു. എറണാകുളം പള്ളി വികാരി മുരിക്കൽ അവിടെ ഉണ്ടായിരുന്നു. നമ്മോടുകൂടി വികാരി താമസിച്ചു. ഡോക്ടർ പോൾ രക്തം എടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്ത

ശേഷം അയ്യമ്പള്ളിക്കു പോയി. സന്ധ്യാ നമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

2 വ്യാഴം. ഡോക്ടർ പോളിന്റെ നിർദ്ദേശപ്രകാരം ഡോ. ഷേണായി വന്ന് രക്തം പരിശോധനയ്ക്കായി എടുത്തുകൊണ്ടു പോയി. ഡോക്ടർ പോൾ വന്ന് പരിശോധിച്ച വിവരം നമ്മെ അറിയിച്ചു. ഉച്ചമേശ കഴിഞ്ഞു മൂന്നു മണിയോടു കൂടി കണ്ണ് ഓപ്പറേഷൻ ചെയ്ത് കിടന്ന യൂലിയോസ് മെത്രാച്ചനെ കാണുന്നതിനായി നാം ആസ്പത്രിയിൽ പോകയും മെത്രാച്ചനെ കണ്ട ശേഷം ഉടനെ തന്നെ എറണാകുളം പള്ളിയിൽ വന്നു കാപ്പി മേശയ്ക്കു ശേഷം നാം അവിടെ നിന്നും ദേവലോകത്തേക്കു പോകുകയും ചെയ്തു. 7 മണിയോടു കൂടി വന്നു ചേർന്നു. നാം വന്നപ്പോൾ തീമോത്തിയോസ് മെത്രാച്ചൻ ഇവിടെ ഉണ്ടായിരുന്നു. മെത്രാച്ചൻ നമ്മോടു കൂടി താമസിച്ചു.

3 വെള്ളി. തീമോത്തിയോസ് മെത്രാച്ചൻ പെരുനാട് ബഥനി ആശ്രമത്തിൽ പുതുതായി പണിത പള്ളിയുടെ കൂദാശ നടത്തുന്നതിനായി പോയി. മണലിൽ യാക്കോബ് കത്തനാരും പഴയസെമിനാരി മാനേജരും വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

4 ശനി. തോമസ്സ് കത്തനാരും വെള്ളുക്കുട്ട വർഗ്ഗീസ് കത്തനാരും വന്ന് നമ്മോടുകൂടി താമസിച്ചു. സന്ധ്യാ നമസ്ക്കാരശേഷം നാം വിശ്രമിച്ചു.

5 ഞായർ. ദനഹാപെരുനാളിനു മുമ്പ് ഉള്ള ഞായറാഴ്ച ആയിരുന്നു. വെള്ളുക്കുട്ട ഗീവർഗ്ഗീസ് കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. നാം കുർബാനമദ്ധ്യേ പ്രസംഗിച്ചു. 10 മണിയോടുകൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. രാത്രി 7 മണിയോടു കൂടി ക്ലിമീസ്സ് മെത്രാച്ചൻ വന്നിരുന്നു. സഭാ സമാധാനത്തെപ്പറ്റി നമ്മോട് അറിയിച്ചു. മെത്രാച്ചന്മാരുമായി ആലോചിച്ച് ചെയ്യാം എന്ന് നാം പറഞ്ഞു. 9 മണിയോടു കൂടി കാപ്പിമേശ കഴിഞ്ഞ് പോകയും ചെയ്തു. പഴയ സെമിനാരി മാനേജരും പി. സി. ചെറിയാൻ, പി. സി. ഏബ്രഹാം, മനോരമ കെ. എം. ചെറിയാൻ എന്നിവരും വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

6 തിങ്കൾ. ദനഹാ പെരുന്നാൾ ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. തൂയോബോയ്ക്ക് ശേഷം ദനഹായുടെ ശുശ്രൂഷകൾ ആരംഭിച്ചു. നാം ശുശ്രൂഷയിൽ സംബന്ധിച്ചു. 10 മണിയോടു കൂടി കുർബാന കഴിഞ്ഞു. തോമസ്സ് കത്തനാരും കുർബാനയിൽ സംബന്ധിച്ചു. സന്ധ്യാ നമസ്ക്കാരശേഷം വിശ്രമിച്ചു.

7 ചൊവ്വാ. യോഹന്നാൻ മാംദാനായുടെ ഓർമ്മദിവസം ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. പീലക്സിനോസ് മെത്രാച്ചൻ നമ്മെ കാണുന്നതിനായി വന്നിരുന്നു. ഉച്ചമേശ കഴിഞ്ഞ് 2 മണിയോടു കൂടി പോകയും ചെയ്തു. പഴയസെമിനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. തോമസ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

8 ബുധൻ. സ്തേപ്പാനോസിന്റെ ഓർമ്മ. തോമസ്സ് കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. ഗബ്രിയേൽ കത്തനാർ വന്നിരുന്നു.

9 വ്യാഴം. നാം സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

10 വെള്ളി. തേവോദോസിയോസ് മെത്രാച്ചൻ വന്നിരുന്നു. പള്ളികൂദാശയെപ്പറ്റി നമ്മോടു അറിയിച്ചു. കുറിയാക്കോസ് കത്തനാരും മല്പാനും നമ്മോടുകൂടി താമസിച്ചു.

11 ശനി. തേവോദോസ്യോസ് മെത്രാച്ചൻ വെല്ലൂർക്ക് പോകുന്ന കാര്യം നമ്മെ അറിയിച്ചു. കാപ്പി മേശയും കഴിഞ്ഞ് പോകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

12 ഞായർ. ദനഹായ്ക്കു ശേഷം ഒന്നാം ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാന മദ്ധ്യേ യോഹന്നാൻ കത്തനാർ പ്രസംഗിച്ചു. 10 1/2 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു.

13 തിങ്കൾ. നാം കാപ്പി മേശ കഴിഞ്ഞ് കൊച്ചുകൊച്ചിന്റെ മകളുടെ കല്യാണം നടത്തുന്നതിനായിട്ട് കൊല്ലാട്ട് പള്ളിയിൽ പോയി. അല്പം വിശ്രമിച്ച ശേഷം ശുശ്രൂഷ ആരംഭിച്ചു. കൂറിലോസ് മെത്രാച്ചനും അനവധി പട്ടക്കാരും സംബന്ധിച്ചു. ഉച്ചമേശയ്ക്കുശേഷം നാം ദേവലോകത്തേക്ക് പോന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

14 ചൊവ്വ. അപ്പന്റെ ഓർമ്മദിവസം ആയിരുന്നതിനാൽ നാം രാവിലെ കുറിച്ചി പള്ളിയിൽ എത്തി. വി. കുർബാന അർപ്പിച്ചു. പ്രത്യേക ധൂപപ്രാർത്ഥന കഴിച്ചു. കാപ്പിമേശ കഴിഞ്ഞ് തുമ്പമൺ പള്ളിയിൽ നിന്ന് പള്ളിട്രസ്റ്റിയും ചക്കിട്ടത്ത് തോമ്മാ കത്തനാരും വന്ന് പള്ളി സംബന്ധിച്ച കാര്യം അറിയിച്ചു. വേണ്ടതു ചെയ്യാം എന്ന് പറഞ്ഞു. ഉടനെ തന്നെ നാം കുറിച്ചി വലിയപള്ളിയിൽ നിന്നും തിരിച്ചു ചെറിയപള്ളിയിൽ വന്നു ലുത്തിനിയായ്ക്കു ശേഷം അല്പം വിശ്രമിച്ചു. ഉടനെ തന്നെ ദേവലോകത്തു വന്ന് വിശ്രമിച്ചു. പട്ടം ഏല്ക്കാനുള്ള ശെമ്മാശന്മാർ വന്നു. മല്പാനും നമ്മോടുകൂടെ താമസിച്ചു.

15 ബുധൻ. ദൈവമാതാവിന്റെ ... മംഗലശ്ശേരി പീലിപ്പോസ് ശെമ്മാശനും ഓമല്ലൂർ കോശി ശെമ്മാശനും കൊല്ലാട്ട് ജോൺ ശെമ്മാശ്ശനും നാം കശ്ശീശ്ശാപട്ടം കൊടുക്കുകയുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാരും ഉണ്ടായിരുന്നു. 11 മണിയോടു കൂടി പട്ടംകൊടയും കുർബാനയും കഴിഞ്ഞ് നാം വിശ്രമിച്ചു. മൂന്നര മണിയോടു കൂടി നാം മൂലവട്ടം പള്ളിയുടെ കല്ല് ഇടുന്നതിനായി പോകയും കല്ല് സ്ഥാപിക്കയും ചെയ്തു. കൂറിലോസ് മെത്രാച്ചനും അബ്രഹാം കത്തനാരും ഉണ്ടായിരുന്നു. അതിനുശേഷം കാപ്പിമേശ കഴിഞ്ഞ് നാം ദേവലോകം അരമനയിൽ വന്ന് സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

16 വ്യാഴം. ഇന്നു കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. പഴയസെമിനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. കല്ലുപ്പാറ പള്ളി വികാരി വി. എം. ഗീവർഗ്ഗീസ് പണിക്കർ കത്തനാർ വന്നു പള്ളിയിലെ കേസു സംബന്ധിച്ച കാര്യങ്ങൾ നമ്മെ അറിയിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

17 വെള്ളി. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

18. ശനി. പഴയസെമിനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

19. ഞായർ. ദനഹായ്ക്കു ശേഷം രണ്ടാം ഞായർ. കോട്ടയം ചെറിയപള്ളിയിൽ പെരുന്നാൾ ആയിരുന്നതിനാൽ നാം രാവിലെ അവിടെ എത്തി വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ അര മണിക്കൂർ പ്രസംഗിച്ചു. ഗബ്രിയേൽ കത്തനാർ വി. കുർബാനയിൽ സംബന്ധിച്ചു. പതിനൊന്നര മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. 12 മണിയോടുകൂടി ദേവലോകം അരമനയിൽ വന്നുചേർന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

20 തിങ്കൾ. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു.

21 ചൊവ്വ. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

22 ബുധൻ. മണലിൽ യാക്കോബ് കത്തനാരും പഴയസെമിനാരി മാനേജരും മട്ടയ്ക്കൽ ജോർജ്ജ് കത്തനാരും വന്നിരുന്നു.

23 വ്യാഴം. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

24 വെള്ളി. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

25 ശനി. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വന്നു നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്കാര ശേഷം നാം വിശ്രമിച്ചു.

26 ഞായർ. ദനഹായ്ക്കു ശേഷം മൂന്നാം ഞായർ. നാം വിശുദ്ധ കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം അര മണിക്കൂർ പ്രസംഗിച്ചു. പത്തര മണിയോടു കൂടി കുർബാന കഴിഞ്ഞു. നാം നോമ്പിന്റെ കാര്യം പള്ളിയിൽ പ്രസ്താവിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു.

27 തിങ്കൾ. മൂന്നു നോമ്പ് ദിവസം ആയിരുന്നു. അബ്രഹാം കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ

സഭയുടെ ആത്മിക വളർച്ചയും സഭാ സമാധാനവും ലക്ഷ്യം വച്ച പിതാവ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലധ്യക്ഷനും, പൗരസ്ത്യ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തായുമായിരുന്നു മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ. വിശ്വാസികളുടെ ഇടയിൽ 'മാലാഖ ബാവാ' (Angel Bava) എന്ന പേരിലാണ് അദ്ദേഹം സ്നേഹപൂർവ്വം അറിയപ്പെട്ടത്.

1915 ജനുവരി 30 കൊല്ലം ജില്ലയിലെ പെരിനാട് എന്ന സ്ഥലത്ത് ഇടിക്കുള-അന്നമ്മ ദമ്പതികളുടെ മകനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കൊല്ലത്ത് പൂർത്തിയാക്കി. കോട്ടയം സി.എം.എസ് കോളേജ്, തിരുവനന്തപുരം മഹാരാജാസ് കോളേജ് (ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്) എന്നിവിടങ്ങളിൽ ഉന്നതപഠനം നടത്തി. വേദശാസ്ത്ര പഠനം നടത്തിയത് പഴയ സെമിനാരിയിലും ഓസ്മനിയ യൂണിവേഴ്സിറ്റിയിലുമാണ്.

1941-ൽ വൈദികനായി. 1953 മെയ് 15-ന് തന്നെ 'മാത്യൂസ് മാർ കൂറിലോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു.

ദീർഘകാലം (ഏകദേശം 38 വർഷം) കൊല്ലം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി സേവനമനുഷ്ഠിച്ചു. കൊല്ലം ഭദ്രാസനത്തിന്റെ വളർച്ചയിൽ അദ്ദേഹം വലിയ പങ്കുവഹിച്ചു.

കാതോലിക്കാ ബാവാ

1980-ൽ മലങ്കര സിറിയൻ ക്രിസ്ത്യൻ അസോസിയേഷൻ അദ്ദേഹത്തെ കിഴക്കിന്റെ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഏകകണ്ഠമായി തിരഞ്ഞെടുത്തു. മാത്യൂസ് ഒന്നാമൻ ബാവാ സ്ഥാനത്യാഗം ചെയ്തതിനെ തുടർന്ന്, 1991 ഏപ്രിൽ 29-ന് പരുമല പള്ളിയിൽ വെച്ച് മലങ്കരസഭയുടെ കാതോലിക്കാ ബാവായായി വാഴിക്കപ്പെട്ടു.

സൗമ്യമായ പെരുമാറ്റം: ആരെയും ആകർഷിക്കുന്ന ചിരിയും, ശാന്തമായ പ്രകൃതവും, സ്നേഹപൂർണ്ണമായ പെരുമാറ്റവും കാരണമാണ് അദ്ദേഹത്തിന് 'മാലാഖ ബാവാ' എന്ന പേര് ലഭിച്ചത്.

ആശ്രമ ജീവിതം: ശാസ്താംകോട്ട തടാകതീരത്തുള്ള 'മൗണ്ട് ഹോറേബ്' ആശ്രമം അദ്ദേഹം വികസിപ്പിച്ചെടുത്തു. ലളിതമായ ജീവിതശൈലിയാണ് അദ്ദേഹം പിന്തുടർന്നത്.

കാതോലിക്കാ സ്ഥാനാരോഹണം

ഓർമ്മ ജനുവരി 26-നു ശാസ്താംകോട്ട മാർ ഏലിയാ ചാപ്പലിൽ

ജീവകാരുണ്യം: ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആ ആശുപത്രികളും, അഗതിമന്ദിരങ്ങളും സ്ഥാപിക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി.

സ്ഥാനത്യാഗവും വിയോഗവും: വാർദ്ധക്യസഹജമായ അവശതകൾ മൂലം 2005 ഒക്ടോബർ 29-ന് അദ്ദേഹം കാതോലിക്കാ സ്ഥാനം ഒഴിഞ്ഞു. അദ്ദേഹത്തിന് ശേഷം ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് ഒന്നാമൻ സ്ഥാനമേറ്റു. 2006 ജനുവരി 26-ന് (91-ാം വയസ്സിൽ) അദ്ദേഹം കാലം ചെയ്തു. ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമ ചാപ്പലിലാണ് അദ്ദേഹത്തെ കബറടക്കിയിരിക്കുന്നത്.

സഭയുടെ വളർച്ചയ്ക്കും ആത്മീയ ചൈതന്യത്തിനും വലിയ സംഭാവനകൾ നൽകിയ ശ്രേഷ്ഠരായ പിതാക്കന്മാരിൽ ഒരാളാണ് മാത്യൂസ് ദ്വിതീയൻ ബാവാ. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഐഎഎസ്, ഐപിഎസ്, ഐഎഫ്എസ്, മറ്റ് കേന്ദ്ര സർവീസ് പരീക്ഷകൾ എന്നിവ എഴുതുന്നവർക്ക് ശരിയായ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരത്ത് ഒരു സിവിൽ സർവീസ് അക്കാദമി ആരംഭിച്ചു. ദരിദ്രർക്ക് അഭയം നൽകുക എന്ന ലക്ഷ്യത്തോടെ, ഭവന നിർമ്മാണ സഹായ പദ്ധതി ആരംഭിച്ചു.

കേരളത്തിലെ എക്യുമെനിക്കൽ കമ്മിറ്റിയുടെ പ്രസിഡന്റായും മറ്റ് വിവിധ ഇന്റർ-ചർച്ച് കമ്മിറ്റികളിലും അദ്ദേഹം സേവനമനുഷ്ഠിച്ചു. സുപ്രീം കോടതി ഉത്തരവ് പ്രകാരം നടന്ന മലങ്കര അസോസിയേഷൻ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2002-ൽ സുപ്രീം കോടതി അദ്ദേഹത്തെ നിയമാനുസൃത മലങ്കര മെത്രാപ്പോലീത്തായായി പ്രഖ്യാപിച്ചു. എന്നിരുന്നാലും, പാത്രിയർക്കീസ് വിഭാഗം അസോസിയേഷനിൽ പങ്കെടുത്തില്ല, പകരം അവർ യാക്കോബൈറ്റ് സിറിയൻ ക്രിസ്ത്യൻ ചർച്ച് എന്ന പേരിൽ ഒരു പുതിയ സഭ രൂപീകരിച്ച് മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്ന് ഔദ്യോഗികമായി വേർപിരിഞ്ഞതായി പ്രഖ്യാപിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ എപ്പിസ്കോപ്പൽ സിനഡിന്റെ ശുപാർശപ്രകാരം വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ 2003 ഫെബ്രുവരി 24-നു വിശുദ്ധനായി പ്രഖ്യാപിച്ചു.

സഭാ സമാധാനത്തിനായി അക്ഷീണ പരിശ്രമം

മലങ്കര സഭയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനും സഭാ സമാധാനത്തിനും വേണ്ടി വ്യക്തമായ നിലപാടുകളും നിയമപരമായ ശ്രമങ്ങളും നടത്തിയ വ്യക്തിയായിരുന്നു മാത്യൂസ് ദ്വിതീയൻ ബാവാ. വൈകാരികമായ ഒത്തുതീർപ്പുകൾക്കപ്പുറം, നിയമത്തിന്റെയും നീതിയുടെയും അടിസ്ഥാനത്തിലുള്ള ശാശ്വതമായ സമാധാനമാണ് അദ്ദേഹം ആഗ്രഹിച്ചത്.

സഭാ സമാധാനത്തിനായി അദ്ദേഹം നടത്തിയ പ്രധാന ഇടപെടലുകൾ താഴെ പറയുന്നവയാണ്:

1. 1995-ലെ സുപ്രീം കോടതി വിധി നടപ്പിലാക്കൽ:

സഭാചരിത്രത്തിലെ നിർണ്ണായകമായ 1995-ലെ സുപ്രീംകോടതി വിധി വന്നത് അദ്ദേഹത്തിന്റെ കാലത്താണ്. 1934-ലെ സഭാ ഭരണഘടന ഇരുവിഭാഗങ്ങൾക്കും ബാധകമാണെന്നും, മലങ്കരസഭ ഒന്നാണെന്നും കോടതി വിധിച്ചു.

മലബാർ ഭദ്രാസന ഓർത്തഡോക്സ് ക്രിസ്ത്യൻ കൺവെൻഷന്റെ നാലാം ദിനം എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത വചന ശുശ്രൂഷ നിർവഹിക്കുന്നു.

മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും കെമിസ്ട്രിയിൽ ഡോണാ മേരി സാമിന് ഡോക്ടറേറ്റ് ലഭിച്ചു. പട്ടാഴി ആറാട്ടുപുഴ സെൻറ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗമായ സാം എം കുഞ്ഞുകുഞ്ഞിന്റെയും സുജ ജോണിന്റെയും മകളാണ്. ഭർത്താവ്: ബിബിൻ തോമസ്. താമ്പരം മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

ഈ വിധി അംഗീകരിച്ചുകൊണ്ട് മറുവിഭാഗത്തെ (യാക്കോബായ വിഭാഗത്തെ) അദ്ദേഹം സഭയുടെ മുഖ്യധാരയിലേക്ക് ക്ഷണിച്ചു. കോടതി വിധി അനുസരിച്ച് ഒറ്റ ഭരണഘടനയുടെ കീഴിൽ ഒന്നിച്ചു പോകാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

2. 2002-ലെ മലങ്കര അസോസിയേഷൻ:

സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം സഭയിലെ ഇരുവിഭാഗങ്ങളെയും യോജിപ്പിക്കാൻ ലക്ഷ്യമിട്ട് 2002-ൽ പരുമലയിൽ വെച്ച് ചരിത്രപ്രസിദ്ധമായ മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടി. സുപ്രീംകോടതി നിരീക്ഷകന്റെ സാന്നിധ്യത്തിൽ നടന്ന ഈ യോഗം സഭയുടെ ഐക്യത്തിനായുള്ള നിയമപരമായ ഒരു വലിയ ചുവടുവെപ്പായിരുന്നു. ഇതിലൂടെ ഔദ്യോഗികമായി സഭയുടെ ഭരണം ഏകീകരിക്കാൻ അദ്ദേഹം ശ്രമിച്ചു.

3. ഭരണഘടനയിലൂന്നിയുള്ള വിട്ടുവീഴ്ച:

സമാധാനത്തിന് വേണ്ടി വിട്ടുവീഴ്ചകൾക്ക് തയ്യാറായിരുന്നുവെങ്കിലും, അത് 1934-ലെ സഭാ ഭരണഘടനയ്ക്ക് വിധേയമായിരിക്കണം എന്ന് അദ്ദേഹം നിർബന്ധം പിടിച്ചു. സഭയുടെ സ്വാതന്ത്ര്യത്തിലോ, കാതോലിക്കേറ്റിന്റെ പരമാധികാരത്തിലോ വിട്ടുവീഴ്ച ചെയ്തുകൊണ്ടുള്ള ഒരു സമാധാനം അദ്ദേഹം ആഗ്രഹിച്ചില്ല. 'സമാധാനം സത്യത്തിലായിരിക്കണം' എന്നതായിരുന്നു അദ്ദേഹത്തിന്റെ പക്ഷം.

4. പാത്രിയർക്കീസ് ബാവയോടുള്ള സമീപനം:

അന്ത്യോക്യാ പാത്രിയർക്കീസിനെ സഭയുടെ ആത്മീയ മേലധ്യക്ഷനായി അംഗീകരിക്കുന്നതിൽ അദ്ദേഹത്തിന് എതിർപ്പില്ലായിരുന്നു. എന്നാൽ, പാത്രിയർക്കീസിന്റെ അധികാരം ഭരണഘടനയ്ക്ക് വിധേയമായിരിക്കണമെന്നും, ഇന്ത്യയിലെ സഭയുടെ ഭൗതിക ഭരണത്തിൽ ഇടപെടാൻ പാടില്ലെന്നും അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ഇത് സഭയുടെ സ്വയംഭരണാധികാരം സംരക്ഷിക്കാനുള്ള ശ്രമമായിരുന്നു.

5. മറുവിഭാഗത്തിലെ മെത്രാപ്പോലീത്തമാരോടുള്ള സമീപനം:

കോടതി വിധി അംഗീകരിച്ച് ഭരണഘടനയ്ക്ക് വിധേയരാകാൻ തയ്യാറാകുന്ന മറുവിഭാഗത്തിലെ മെത്രാപ്പോലീത്തമാരെയും വൈദികരെയും സ്വീകരിക്കാൻ അദ്ദേഹം സന്നദ്ധനായിരുന്നു. ഇതിനായി പലവട്ടം ചർച്ചകൾക്കും അദ്ദേഹം മുൻകൈ എടുത്തു.

നിയമവാഴ്ചയിലൂടെയുള്ള സമാധാനം

ചുരുക്കത്തിൽ, സഭയുടെ സ്വാതന്ത്ര്യത്തെ അടിയറവു വയ്ക്കാതെ, 'നിയമവാഴ്ചയിലൂടെയുള്ള സമാധാനം' (Peace through rule of law) എന്നതായിരുന്നു മാത്യൂസ് ദ്വിതീയൻ ബാവായുടെ നയം. സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ വിദേശ ഇടപെടലുകൾ ഒഴിവാക്കി, ഒരേ ഭരണഘടനയുടെ കീഴിൽ ഏക സഭയായി നിലനിൽക്കാനാണ് അദ്ദേഹം അക്ഷീണം പ്രയത്നിച്ചത്. ഭരണകാര്യങ്ങളിൽ അദ്ദേഹം കാണിച്ച ഈ കാർക്കശ്യം സഭയുടെ നിലനിൽപ്പിന് അനിവാര്യമായിരുന്നെന്ന് കാലം തെളിയിച്ചു.

❑

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

ഹെഫ്സിബ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ഹിസ്കിയാവിന്റെ ഭാര്യയും യെഹൂദാ രാജാവായ മനശ്ശെയുടെ അമ്മയുമായ ഹെഫ്സിബയെക്കുറിച്ച് വളരെ കുറച്ച് വാക്യങ്ങളിൽ മാത്രമേ ബൈബിളിൽ പരാമർശിക്കുന്നുള്ളൂ. എന്നിരുന്നാലും, അവളുടെ പേര് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അവൾ ദൈവത്തിന്റെ പദ്ധതിയിൽ ഒരു പ്രധാന സ്ഥാനമുണ്ടായിരുന്ന സ്ത്രീയാണെന്ന് സൂചിപ്പിക്കുന്നു. 2 രാജാക്കന്മാർ 21:1 ൽ, മനശ്ശെ രാജാവാകുമ്പോൾ അവന്റെ അമ്മയായി ഹെഫ്സിബയുടെ പേര് വ്യക്തമായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

എബ്രായ ഭാഷയിൽ ഹെഫ്സിബ എന്ന പേര് "എന്റെ സന്തോഷം അവളിലാണ്" അല്ലെങ്കിൽ "ദൈവത്തിന് പ്രിയപ്പെട്ടവൾ" എന്ന അതിമനോഹരവും ആഴമുള്ള ആത്മീയ അർത്ഥവുമാണ് വഹിക്കുന്നത്. ഈ പേര് അവളുടെ വ്യക്തിത്വത്തെയും ദൈവത്തോടുള്ള ബന്ധത്തെയും കുറിച്ച് സൂചന നൽകുന്നു. ബൈബിളിൽ പേരുകൾ പലപ്പോഴും ഒരാളുടെ ജീവിതദിശയെയും ദൈവസന്നിധിയിലെ അവസ്ഥയെയും പ്രതിഫലിപ്പിക്കുന്നതാണ്. അതിനാൽ, ഹെഫ്സിബ എന്ന പേര് ദൈവത്തിന്റെ പ്രസാദം അവളുടെ ജീവിതത്തിൽ ഉണ്ടായിരുന്നു എന്നതിന്റെ അടയാളമായി കാണാം.

ഹിസ്കിയാവിനെപ്പോലെ ദൈവഭക്തനായ ഒരു രാജാവിന്റെ ഭാര്യയായി ജീവിക്കുകയും, പിന്നീട് മനശ്ശെയെപ്പോലെ വഴിതെറ്റിയ ഒരു രാജാവിന്റെ അമ്മയായി മാറുകയും ചെയ്ത സ്ത്രീയായിരുന്നു ഹെഫ്സിബ. ഈ വൈരുധ്യമാർന്ന പശ്ചാത്തലം തന്നെ അവളുടെ ജീവിതത്തെ കൂടുതൽ ശ്രദ്ധേയമാക്കുന്നു. അവളുടെ വ്യക്തിപരമായ പ്രവർത്തനങ്ങളെയോ വാക്കുകളെയോ കുറിച്ച് ബൈബിൾ കൂടുതൽ വിശദീകരിക്കുന്നില്ലെങ്കിലും, അവൾ ജീവിച്ചിരുന്ന കാലഘട്ടവും അവളുടെ കുടുംബബന്ധങ്ങളും അവൾ ഒരു സാധാരണ സ്ത്രീയല്ലായിരുന്നു എന്ന് വ്യക്തമാക്കുന്നു.

രാജകൊട്ടാരത്തിന്റെ അകത്തളങ്ങളിൽ, വലിയ ശബ്ദമില്ലാതെ, എന്നാൽ ദൈവസന്നിധിയിൽ വിശ്വസ്തയായി ജീവിച്ച ഒരു സ്ത്രീയുടെ പ്രതീകമായി ഹെഫ്സിബയെ നമുക്ക് കാണാം. അവളുടെ നിശ്ശബ്ദമായ ജീവിതം പോലും ദൈവത്തിന്റെ കണ്ണിൽ വിലപ്പെട്ടതായിരുന്നു.

1 ദൈവഭക്തനായ രാജാവിന്റെ പിന്നിലെ നിശ്ശബ്ദ ശക്തി

യെഹൂദാ രാജാക്കന്മാരിൽ ഏറ്റവും ദൈവഭക്തനായ ഭരണാധികാരികളിൽ ഒരാളായിരുന്നു ഹിസ്കിയാവ്. ദൈവത്തോടുള്ള തന്റെ ആഴമുള്ള വിശ്വാസം അവന്റെ ഭരണത്തിന്റെ അടിസ്ഥാനമായിരുന്നു. രാജ്യത്ത് വ്യാപിച്ചിരുന്ന വിഗ്രഹാരാധനയെ അദ്ദേഹം ഉറച്ച മനസ്സോടെ നീക്കം ചെയ്തു. ദൈവാലയം ശുദ്ധീകരിച്ചു, ദൈവാരാധനയെ വീണ്ടും ജനങ്ങളുടെ ദിനചര്യയുടെ കേന്ദ്രത്തിലേക്ക് കൊണ്ടുവന്നു. യഹോവയുടെ നിയമം ജനങ്ങളെ പഠിപ്പിക്കുകയും, ദൈവത്തെ ഭയപ്പെടുന്ന ഒരു ജീവിതത്തിലേക്ക് രാജ്യത്തെ നയിക്കുകയും ചെയ്ത ഒരു ആത്മീയ നവോത്ഥാനത്തിന്റെ നേതാവായിരുന്നു ഹിസ്കിയാവ്.

ഇത്തരം വലിയ ആത്മീയ പ്രവർത്തനങ്ങൾ നടത്തുന്ന ഒരാളുടെ ജീവിതത്തിന് പിന്നിൽ, പലപ്പോഴും പൊതുവേദിയിൽ കാണപ്പെടാത്തതെങ്കിലും, ശക്തമായ ഒരു ആത്മീയ പിന്തുണ ഉണ്ടാകാറുണ്ട്. ഒരു നേതാവിന്റെ ഉറച്ച വിശ്വാസത്തിനും സ്ഥിരതയ്ക്കും പിന്നിൽ, ശാന്തമായി പ്രാർത്ഥിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, ആത്മീയ ബലം നൽകുകയും ചെയ്യുന്ന ഒരാൾ ഉണ്ടായിരിക്കും. ഹിസ്കിയാവിന്റെ ജീവിതത്തിലും അങ്ങനെയുള്ള ഒരു നിശ്ശബ്ദ ശക്തിയായിരുന്നു ഹെഫ്സിബ.

അവൾ പ്രസംഗിച്ചില്ല, പൊതുവേദികളിൽ മുന്നിൽ നിന്നില്ല. എന്നാൽ ഭർത്താവിന്റെ ദൈവനിഷ്ഠയുള്ള ജീവിതത്തിനും തീരുമാനങ്ങൾക്കും അവൾ ആത്മീയ പിന്തുണയായി നിലകൊണ്ടിരുന്നു. രാജകൊട്ടാരത്തിനുള്ളിൽ ദൈവഭക്തിയുടെ അന്തരീക്ഷം നിലനിർത്താനും, വിശ്വാസത്തിന്റെ മൂല്യങ്ങൾ സംരക്ഷിക്കാനും അവൾ സഹായിച്ചിരിക്കാം. അവളുടെ ശാന്തമായ സ്വഭാവവും ദൈവത്തോടുള്ള അടുപ്പവും ഹിസ്കിയാവിന് ആത്മീയ സമാധാനവും ആത്മവിശ്വാസവും നൽകിയിരിക്കുമെന്ന് നമുക്ക് ന്യായമായി കരുതാം.

ഹിസ്കിയാവ് പൊതുവേദിയിൽ ദൈവത്തിനായി ധൈര്യത്തോടെ പ്രവർത്തിച്ചപ്പോൾ, ഹെഫ്സിബ കൊട്ടാരത്തിന്റെ അകത്തളങ്ങളിൽ ദൈവസന്നിധിയിൽ വിശ്വസ്തയായി നിലകൊണ്ടിരുന്നു. അവളുടെ നിശ്ശബ്ദമായ സാന്നിധ്യം രാജാവിന്റെ ആത്മീയ ശക്തിക്ക് അടിത്തറയായിത്തീർന്നു. ഇങ്ങനെ, ദൈവഭക്തനായ രാജാവിന്റെ പിന്നിലെ നിശ്ശബ്ദ ശക്തിയായി ഹെഫ്സിബയെ നാം കാണുന്നു.

2. ആത്മീയ അംഗീകാരത്തിന്റെ പ്രതീകമായ പേര്

ബൈബിളിൽ പേരുകൾ വെറും വിളിപ്പേരുകൾ മാത്രമല്ല. പലപ്പോഴും അവ ഒരാളുടെ ജീവിതത്തെക്കുറിച്ചും ദൈവത്തോടുള്ള ബന്ധത്തെക്കുറിച്ചും ഒരു സൂചനയായി പ്രവർത്തിക്കുന്നു. ദൈവം ചിലർക്കു നൽകിയ പേരുകൾ അവരുടെ സ്വഭാവത്തെയും ആത്മീയ നിലപാടിനെയും, ദൈവസന്നിധിയിൽ അവർക്കുള്ള സ്ഥാനത്തെയും വ്യക്തമാക്കുന്നവയാണ്. അതുകൊണ്ടുതന്നെ ഒരു പേരിന്റെ അർത്ഥം ശ്രദ്ധിക്കുന്നത് ബൈബിൾ പഠനത്തിൽ വളരെ പ്രധാനമാണ്.

ഹെഫ്സിബ എന്ന പേരിന് എബ്രായ ഭാഷയിൽ "എന്റെ സന്തോഷം അവളിലാണ്" അല്ലെങ്കിൽ "ദൈവത്തിന് പ്രിയപ്പെട്ടവൾ" എന്ന അർത്ഥം കാണുന്നു. ഈ പേര് തന്നെ അവളുടെ ജീവിതം ദൈവത്തിന് പ്രിയപ്പെട്ടതായിരുന്നു എന്ന സത്യത്തിലേക്ക് നമ്മെ നയിക്കുന്നു. അവൾ ചെയ്ത വലിയ പ്രവൃത്തികൾ ബൈബിൾ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അവളുടെ പേര് ദൈവത്തിന്റെ പ്രസാദം അവളുടെ ജീവിതത്തിൽ ഉണ്ടായിരുന്നു എന്നതിന്റെ ശക്തമായ തെളിവാണ്.

ഹെഫ്സിബ ഒരു രാജ്ഞിയായിരുന്നുവെങ്കിലും, അവളുടെ യഥാർത്ഥ ബഹുമതി രാജകീയ പദവിയിലല്ലായിരുന്നു. രാജകൊട്ടാരത്തിലെ സ്ഥാനമോ അധികാരമോ അല്ല അവളുടെ മഹത്വം. മറിച്ച്, ദൈവത്തിന്റെ സന്തോഷം അവളുടെ ജീവിതത്തിൽ ഉണ്ടായിരുന്നു എന്നതാണ് അവളുടെ ഏറ്റവും വലിയ ബഹുമതി. മനുഷ്യരുടെ അംഗീകാരത്തേക്കാൾ അവൾ ദൈവത്തിന്റെ അംഗീകാരത്തെയാണ് വിലമതിച്ചത്.

അവളുടെ പേര് നമ്മെ ഓർമ്മിപ്പിക്കുന്നത്, ഒരു വ്യക്തിയുടെ യഥാർത്ഥ മൂല്യം അവൻ അല്ലെങ്കിൽ അവൾ ഏത് സ്ഥാനത്താണ് നിൽക്കുന്നത് എന്നതിൽ അല്ല, മറിച്ച് ദൈവത്തിന്റെ കാഴ്ചപ്പാടിൽ അവൻ അല്ലെങ്കിൽ അവൾ എങ്ങനെയാണെന്നതിലാണ്. ഹെഫ്സിബയുടെ പേര് തന്നെ അവളുടെ ജീവിതം ദൈവത്തിന് സന്തോഷം നൽകുന്ന ഒന്നായിരുന്നു എന്ന സന്ദേശം നമ്മോട് സംസാരിക്കുന്നു.

3. ആത്മീയ നവീകരണത്തിന്റെ നിശ്ശബ്ദ പങ്കാളി

ഹിസ്കിയാവ് യെഹൂദയിൽ നടപ്പാക്കിയ ആത്മീയ പരിഷ്കാരങ്ങൾ വലിയ ധൈര്യവും ഉറച്ച വിശ്വാസവും ആവശ്യപ്പെട്ടവയായിരുന്നു. വിഗ്രഹാരാധനയെ നീക്കം ചെയ്യുകയും, ദൈവാലയം ശുദ്ധീകരിക്കുകയും, ജനങ്ങളെ യഹോവയുടെ വഴിയിലേക്ക് തിരികെ കൊണ്ടുവരുകയും ചെയ്യുന്നത് എളുപ്പമുള്ള കാര്യങ്ങളായിരുന്നില്ല. ഇത്തരം തീരുമാനങ്ങൾ എടുക്കുമ്പോൾ രാജാവിന് ഉള്ളിൽ ശക്തിയും ആത്മീയ സ്ഥിരതയും ആവശ്യമായിരുന്നു. അത്തരമൊരു സമയത്ത്, അവന്റെ ജീവിതത്തിന് പിന്നിൽ നിശ്ശബ്ദമായി പിന്തുണ നൽകുന്ന ഒരാൾ ഉണ്ടായിരുന്നത് ഏറെ പ്രധാനമായിരുന്നു.

ഹിസ്കിയാവിന്റെ ഈ ആത്മീയ നവീകരണ പ്രവർത്തനങ്ങൾക്ക് പിന്നിൽ ഹെഫ്സിബയുടെ നിശ്ശബ്ദ പിന്തുണ ഉണ്ടായിരുന്നുവെന്ന് നമുക്ക് ന്യായമായി കരുതാം. അവൾ പൊതുവേദിയിൽ പ്രസംഗിച്ചില്ല, ആളുകളുടെ മുന്നിൽ തന്റെ വിശ്വാസം പ്രദർശിപ്പിച്ചില്ല. എന്നാൽ അവളുടെ ജീവിതശൈലിയും ദൈവത്തോടുള്ള അടുപ്പവും രാജകുടുംബത്തിന്റെ ഉള്ളിൽ ഒരു ആത്മീയ അന്തരീക്ഷം സൃഷ്ടിച്ചു.

ഹെഫ്സിബയുടെ ശാന്തസ്വഭാവവും ദൈവനിഷ്ഠയും കൊട്ടാരത്തിനുള്ളിൽ സമാധാനവും വിശ്വാസവും നിലനിർത്താൻ സഹായിച്ചിരിക്കാം. ഭർത്താവിന്റെ തീരുമാനങ്ങൾക്കായി അവൾ പ്രാർത്ഥിച്ചിരിക്കാം, അവനെ ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്തിരിക്കാം. അവളുടെ നിശ്ശബ്ദ സാന്നിധ്യം തന്നെ ഹിസ്കിയാവിന് ആത്മീയ ബലമായി മാറിയിരുന്നുവെന്ന് നമുക്ക് പറയാം.

ഹിസ്കിയാവ് പുറത്തു നിന്നു ദൈവത്തിനായി ധൈര്യത്തോടെ പ്രവർത്തിച്ചപ്പോൾ, ഹെഫ്സിബ അകത്ത് നിന്ന് ദൈവസന്നിധിയിൽ വിശ്വസ്തയായി നിലകൊണ്ടിരുന്നു. ഇങ്ങനെ, വാക്കുകളില്ലാതെ തന്നെ ആത്മീയ നവീകരണത്തിന്റെ ഒരു പ്രധാന പങ്കാളിയായി ഹെഫ്സിബ മാറുകയായിരുന്നു.

4. രാജ്ഞിയായുള്ള ഉത്തരവാദിത്തവും സാമൂഹിക സ്വാധീനവും

രാജ്ഞിയെന്ന പദവി വെറും ആഡംബരവും അധികാരവുമായുള്ള സ്ഥാനം മാത്രം അല്ല. അതിനൊപ്പം വലിയ ഉത്തരവാദിത്തവും സമൂഹത്തെ സ്വാധീനിക്കുന്ന ഒരു സ്ഥാനവും ഈ പദവിക്ക് ഉണ്ട്. കൊട്ടാരത്തിനുള്ളിലെ പ്രശ്നങ്ങൾ മാത്രമല്ല രാജ്ഞി കാണുന്നത്; അവളുടെ ദർശനവും പെരുമാറ്റവും കൊട്ടാരത്തിലെയും ചുറ്റുമുള്ള സമൂഹത്തിലെയും ജീവിതത്തെ ഗൗരവത്തോടെ സ്വാധീനിക്കുന്നു.

ഹെഫ്സിബ രാജ്ഞിയായിരുന്നപ്പോൾ, കൊട്ടാരത്തിന്റെ ആഭ്യന്തര അന്തരീക്ഷം, കുട്ടികളുടെ വളർച്ച, എല്ലായിടത്തും അവളുടെ സ്വാധീനം ഉണ്ടായിരുന്നു. ഭർത്താവായ ഹിസ്കിയാവിന്റെ ആത്മീയ നവീകരണ പ്രവർത്തനങ്ങൾ വിജയിക്കാനും രാജകുടുംബത്തെ ദൈവഭക്തിയിൽ നിലനിർത്താനുമുള്ള അവളുടെ പങ്ക് നിർണായകമായിരിക്കാം.

അവളുടെ ദയ, വിവേകം, ശാന്തസ്വഭാവം, ആത്മനിയന്ത്രണം എന്നിവ കൊണ്ട്, ഹെഫ്സിബ കൊട്ടാരത്തിനുള്ളിലും അതിന്റെ പരിസര പ്രദേശങ്ങളിലും ഒരു ആത്മീയ മാതൃകയായി മാറി. അവളുടെ സമീപനവും പെരുമാറ്റവും മറ്റുള്ളവർക്കു പ്രചോദനമായി മാറി, ജീവിതത്തിൽ ഐക്യവും സമാധാനവും വളർത്താൻ സഹായിച്ചു.

ഉയർന്ന അധികാരമുള്ള രാജകീയ സ്ഥാനത്തിരുന്നിട്ടും, ഹെഫ്സിബ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ പ്രിയങ്കരമായ, ശാന്തസ്വഭാവമുള്ള, നിസ്വാർത്ഥമായ ജീവിതമാണ് നയിച്ചത്. അധികാരം സ്വന്തമായ നേട്ടത്തിനോ പ്രകടനത്തിനോ വേണ്ടി ഉപയോഗിക്കാതെ, ദൈവഭക്തിയുടെയും വിനയത്തിന്റെയും മാതൃകയായി അവൾ നിലകൊണ്ടു. ഇതുവഴി രാജകുടുംബത്തിനകത്ത് ആത്മീയ സമാധാനവും ദൈവഭക്തിയുടെ അന്തരീക്ഷവും വളർത്തുകയും, അതിന്റെ പ്രതിഫലനമായി സമൂഹത്തിനാകെ ദൃഢവും ദീർഘകാലത്തേക്കുള്ള ആത്മീയ സ്വാധീനം നൽകുകയും ചെയ്തു.

5. മാതാവെന്ന നിലയിൽ

ബൈബിളിൽ ഹെഫ്സിബയെ പ്രധാനമായി പരിചയപ്പെടുന്നത് മനശ്ശെയുടെ അമ്മ എന്ന നിലയിലൂടെയാണ്. ഒരു മകന്റെ വളർച്ചയും പരിശീലനവും നിയന്ത്രിക്കുന്ന പ്രധാന വ്യക്തിയാണ് അമ്മ. മനശ്ശെ പിന്നീട് ദുഷ്ടനായ രാജാവായി മാറിയെങ്കിലും, അതിലൂടെ ഹെഫ്സിബയുടെ ആത്മീയതയെ വിലയിരുത്താനാവില്ല. മകൻ ചെയ്ത തെറ്റുകൾ മുഴുവനും മാതാപിതാക്കളുടെ ശക്തിയാലോ പരിശ്രമത്തിലോ നിർണ്ണയിക്കപ്പെടില്ല.

ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നത്, ഓരോ മനുഷ്യനും തന്റെ ജീവിതത്തിലെ തീരുമാനങ്ങൾക്കും പ്രവർത്തനങ്ങൾക്കും വ്യക്തിപരമായി ഉത്തരവാദിയാണെന്നതാണ്. മാതാപിതാക്കൾ എത്ര ദൈവഭക്തിയോടെയും സത്യനിഷ്ഠയോടെയും കുട്ടികളെ വളർത്തിയാലും, അവരുടെ വിശ്വാസവും മൂല്യങ്ങളും കുട്ടികളിൽ നിർബന്ധമായി അടിച്ചേൽപ്പിക്കാൻ കഴിയില്ല. വളർച്ചയുടെ ഒരു ഘട്ടത്തിൽ, ഓരോ വ്യക്തിയും സ്വന്തമായി ചിന്തിക്കുകയും, തിരഞ്ഞെടുപ്പുകൾ എടുക്കുകയും, അവയുടെ ഫലങ്ങൾ ഏറ്റെടുക്കുകയും ചെയ്യേണ്ടി വരുന്നു.

മാതാപിതാക്കൾക്ക് കുട്ടികളെ ശരിയായ വഴിയിൽ നയിക്കാനും ദൈവത്തിന്റെ വഴികൾ പഠിപ്പിക്കാനും ഉത്തരവാദിത്തമുണ്ട് (ആവർത്തനം 6:67). എന്നാൽ, ആ ഉപദേശങ്ങളെ സ്വീകരിക്കണോ ഉപേക്ഷിക്കണോ എന്ന തീരുമാനം അവരുടെ മക്കളുടെ വ്യക്തിപരമായ തിരഞ്ഞെടുപ്പാണ്. അതിനാൽ, മക്കൾ വഴിതെറ്റുമ്പോൾ, അതിന്റെ മുഴുവൻ ഉത്തരവാദിത്തവും മാതാപിതാക്കളുടെമേൽ ചുമത്തുന്നത് ബൈബിൾ പഠിപ്പിക്കുന്ന സത്യമല്ല.

ഓരോ വ്യക്തിയും തന്റെ പ്രവൃത്തികളുടെ ഉത്തരവാദിത്വം ദൈവസന്നിധിയിൽ നേരിട്ട് ഏറ്റെടുക്കേണ്ടിവരും.

അതിനാൽ, മാതാപിതാക്കളുടെ ദൈവഭക്തി ഒരു നല്ല അടിത്തറയാകാം; എന്നാൽ ജീവിതപാത തിരഞ്ഞെടുക്കുന്ന അന്തിമ തീരുമാനം ഓരോ വ്യക്തിയുടേതാണ്. ഈ സത്യം മനസ്സിലാക്കുമ്പോൾ, നാം മാതാപിതാക്കളെയും മക്കളെയും ഒരുപോലെ നീതിയോടെയും കാരുണ്യത്തോടെയും വിലയിരുത്താൻ പഠിക്കുന്നു.

എങ്കിലും, ഹെഫ്സിബയുടെ ആത്മീയ പരിപോഷണം മനശ്ശെയുടെ ജീവിതത്തിലെ ചില ഘട്ടങ്ങളിൽ പ്രതിഫലിച്ചിരിക്കാം. അവളുടെ പ്രാർത്ഥനകളും പരിശ്രമങ്ങളും, മകന്റെ മൂല്യങ്ങളെ വളർത്താനും, മാന്യതയും ദൈവാഭിമാനവും നല്കാനും സഹായിച്ചിരിക്കാം. മനശ്ശെയുടെ പാശ്ചാത്താപവും തിരുത്തലും, അദ്ദേഹത്തിന്റെ തെറ്റുകൾ തിരിച്ചറിയാനുള്ള കഴിവും, ചിലപ്പോൾ അവളുടെ നിഷ്ഠയുള്ള മാതൃസ്നേഹത്തിന്റെ വിത്തുകളായിരിക്കാം.

ഹെഫ്സിബയുടെ മാതൃക നമ്മോട് പറയുന്നത് എന്തെന്നാൽ; മാതാപിതാക്കളുടെ പരിശ്രമവും പ്രാർത്ഥനകളും മക്കളുടെ ജീവിതത്തെ സ്വാധീനിക്കാറുണ്ടെങ്കിലും, അവരെയും അവരുടെ വ്യക്തിഗത തിരഞ്ഞെടുപ്പുകളെയും മാന്യമായി വേർതിരിച്ചറിയേണ്ടതാണ്. അമ്മ എന്ന നിലയിൽ അവൾ ചെയ്യേണ്ടത് മകനെ സത്യനിഷ്ഠയോടെ, ദൈവഭക്തിയോടെയും മൂല്യബോധത്തോടെയും വളർത്തുക എന്നതാണ്.

ഹെഫ്സിബയുടെ മാതൃപ്രവൃത്തിയും ആത്മീയ സാന്നിധ്യവും, മകനെ പ്രയാസങ്ങളിലും തെറ്റുകളിലും വഴികാട്ടാൻ നിശ്ശബ്ദമായി പിന്തുണ നൽകിയതാണ്. ഇതിലൂടെ അവളുടെ സ്വാധീനം, പുറമേ കാണപ്പെടുന്ന വാക്കുകളിലൂടെയോ കർശനമായ നിയന്ത്രണങ്ങളിലൂടെയോ അല്ല, മറിച്ച് നിശ്ശബ്ദമായ ആത്മീയ സാന്നിധ്യത്തിലൂടെയായിരുന്നെന്ന് മനസിലാക്കാം. അവൾ മകന്റെ ജീവിതത്തിൽ എല്ലായ്പ്പോഴും നേരിട്ട് ഇടപെട്ടിരുന്നില്ല; എന്നാൽ അവളുടെ പ്രാർത്ഥനകൾ, ജീവിതസാക്ഷ്യം, ശാന്തമായ ഉപദേശം, സത്യനിഷ്ഠയുള്ള പെരുമാറ്റം എന്നിവ മകന്റെ മനസ്സിൽ ദൈവഭക്തിയുടെ വിത്തുകളായി പതിഞ്ഞിരുന്നു.

ഈ വിത്തുകൾ ഉടനെ ഫലം കാണിച്ചില്ലായിരുന്നേക്കാം. എന്നിരുന്നാലും, മകൻ തന്റെ ജീവിതത്തിൽ നിർണായകമായ തീരുമാനങ്ങളിലൂടെയും വലിയ വഴിത്തിരിവുകളിലൂടെയും കടന്നുപോയപ്പോൾ, അവളുടെ ആത്മീയ സ്വാധീനത്തിന്റെ അടയാളങ്ങൾ ചില ഘട്ടങ്ങളിൽ തെളിഞ്ഞു കാണാം. പ്രത്യേകിച്ച് മനശ്ശെയുടെ ജീവിതത്തിലെ പാശ്ചാതാപവും തിരിഞ്ഞുനില്പും (2 ദിന വൃത്താന്തം 33:12 13) അവന്റെ ഉള്ളിൽ ഒരിക്കലും പൂർണ്ണമായി അണഞ്ഞു പോയിട്ടില്ലാത്ത ആത്മീയ ബോധത്തിന്റെ തെളിവായി നമുക്ക് കാണാം.

അതിനാൽ, ഹെഫ്സിബയുടെ സ്വാധീനം വേഗത്തിൽ കാണപ്പെടുന്ന ഒന്നല്ല, പക്ഷേ സമയത്തിനൊപ്പം ആഴത്തിൽ പ്രവർത്തിക്കുന്ന ഒന്നായിരുന്നു. നിശ്ശബ്ദമായ സ്നേഹവും വിശ്വാസവും ഒരാളുടെ ജീവിതത്തിൽ എത്ര ശക്തമായ ദീർഘകാല പ്രഭാവം ചെലുത്താനാകുമെന്നതിന്റെ ഒരു മനോഹര ഉദാഹരണമാണ് ഇത്.

6. ശാന്തവും ദൈവികവുമായ ആത്മീയ വ്യക്തിത്വം

ബൈബിളിൽ ഹെഫ്സിബയുടെ പ്രവർത്തനങ്ങളേക്കുറിച്ച് വലിയ വിവരണങ്ങൾ ഇല്ല. അവൾ നടത്തിയ പ്രവർത്തനങ്ങൾ, പറയിച്ച വാക്കുകൾ തുടങ്ങിയവ വിശദമായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അതുകൊണ്ട് അവളുടെ മഹത്വം കുറയുന്നതുമില്ല. മറിച്ച്, അവളുടെ നിശ്ശബ്ദത തന്നെ അവളുടെ ആത്മീയ ആഴത്തിന്റെ അളവുകോലാണ്.

ഹെഫ്സിബയുടെ ശക്തി വാക്കുകളിലോ പൊതുവേദികളിലോ ഉണ്ടായില്ല. അത് അവളുടെ സ്വഭാവത്തിൽ, വിശ്വാസത്തിൽ, ദൈവത്തോടുള്ള സ്ഥിരതയിലും ആയിരുന്നു. അവളുടെ ജീവിതശൈലി, സത്യനിഷ്ഠ, കരുണ, ശാന്തി എന്നിവ അവളെ ഒരു ആത്മീയ മാതൃകയായി മാറ്റി. കൊട്ടാരത്തിലെ ചുറ്റുപാടുകൾക്കും രാജകുടുംബത്തിനും അവൾ നൽകുന്ന ശാന്തിയും ആത്മവിശ്വാസവും, നിശ്ശബ്ദമായി, എന്നാൽ പ്രകടമായ സ്വാധീനം ഉണ്ടാക്കി.

ഹെഫ്സിബയുടെ ഈ ശാന്തവും ദൈവികവുമായ സ്വഭാവം നമ്മെ പഠിപ്പിക്കുന്നത് എന്തെന്നാൽ, ദൈവത്തിന് വലിയ പ്രശസ്തി ആവശ്യമില്ല. ചെറിയ കാര്യങ്ങളിലും നിശ്ശബ്ദമായ വിശ്വാസത്തിലും, ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവത്തിന് സത്യസന്ധമായുള്ള ഒരു ജീവിതം തന്നെ ഏറ്റവും വിലപ്പെട്ടതാണ്.

അവളുടെ കരുണ, മൃദുത്വം, ധൈര്യം, ആത്മനിയന്ത്രണം, വിശ്വാസ സ്ഥിരത എന്നിവ മറ്റുള്ളവർക്കു പ്രചോദനമായി മാറി. അവളുടെ സാന്നിധ്യം പൊതുവേദിയിൽ കാണാനാവുന്ന ഒന്നല്ലാത്തപ്പോൾ പോലും, കൊട്ടാരത്തിനുള്ളിലെ ചുറ്റുപാടുകളെ ദൈവികതയോടെ നിറച്ച്, രാജകുടുംബത്തിന് ആത്മീയ ദൃഢതയും സമാധാനവും നൽകി.

ഇത് നമ്മോട് പറയുന്നത്, ജീവിതത്തിൽ വലിയ വാക്കുകളും പ്രകടനങ്ങളും ആവശ്യമില്ല; ശാന്തമായ, നിശ്ശബ്ദമായ, ദൈവികമായി നിലകൊള്ളുന്ന ഒരു ആത്മീയ ജീവിതം തന്നെ വിശ്വാസത്തിന്റെ ആഴത്തെയും ശക്തിയെയും കാണിക്കുന്നു. ഹെഫ്സിബയുടെ ജീവിതം, ഈ ആശയം പ്രതിഫലിപ്പിക്കുന്ന ഒരു ഉദാഹരണമാണ്.

7. രാജകീയ ജീവിതത്തിനിടയിലെ ആത്മീയ ആഴം

ഹെഫ്സിബ ഒരു രാജകുമാരി ആയിരുന്നു. കൊട്ടാരത്തിലെ ആഡംബരങ്ങളും, ജനങ്ങളുടെ പ്രതീക്ഷകളും, സാമൂഹിക ചുമതലകളും എല്ലാം അവളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. വലിയ ഭരണസ്ഥാനം, സന്നദ്ധ സേവനം, ജാഗ്രത എന്നിവയെല്ലാം ഒരേസമയം കൈകാര്യം ചെയ്യേണ്ടി വരികയായിരുന്നു. എന്നാൽ ഇതൊക്കെ അവളെ ദൈവത്തോടുള്ള ബന്ധത്തിൽ നിന്ന് അകറ്റിയില്ല.

അവൾ ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും ദൈവത്തെ കേന്ദ്രീകരിച്ചിരുന്നവളായിരുന്നു. പ്രശംസ നേടുന്നതിനോ, ജനങ്ങൾക്ക് സ്വയം പ്രത്യക്ഷപ്പെടുന്നതിനോ വേണ്ടി ജീവിച്ചില്ല. മറിച്ച്, അവളുടെ ജീവിതം തന്നെ ദൈവത്തോടുള്ള സത്യസന്ധമായ സാക്ഷ്യമായി മാറി. അവളുടെ നിശ്ശബ്ദതയും, ശാന്തിയും, ആത്മനിയന്ത്രണവും മറ്റുള്ളവർക്കു പ്രചോദനമായി.

ഹെഫ്സിബയുടെ ആത്മീയ ആഴം കൊട്ടാരത്തിന്റെ മതിലുകൾക്കുള്ളിൽ മാത്രം പരിമിതപ്പെട്ടിരുന്നില്ല. അവളുടെ വിശ്വാസം രാജകീയ ജീവിതത്തിന്റെ ചട്ടക്കൂടിനകത്ത് ഒതുങ്ങിയ ഒരു ഔപചാരിക ആരാധനയായിരുന്നില്ല. മറിച്ച്, കൊട്ടാരത്തിന്റെ പുറത്തുള്ള ലോകത്തേക്കും, സാധാരണ ജനങ്ങളുടെ ജീവിത

ശബ്ദമില്ലാത്ത വിശ്വാസം പോലും ദൈവസന്നിധിയിൽ ശക്തമായ സാക്ഷ്യമായി മാറുന്നു; നിശ്ശബ്ദവും ശാന്തവുമായ, ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കുന്ന ജീവിതം തന്നെയാണ് യഥാർത്ഥ ആത്മീയ സമ്പത്ത്.

സത്യങ്ങളിലേക്കും വ്യാപിക്കുന്നതായിരുന്നു അവളുടെ ആത്മീയ കാഴ്ചപ്പാട്.

അതുപോലെ തന്നെ, ഭൗതിക ആഡംബരങ്ങളും പ്രശസ്തിയും അവളുടെ ജീവിതത്തിന്റെ കേന്ദ്രമായി മാറിയില്ല. രാജകീയ സൗകര്യങ്ങളും ബഹുമാനവും ഉണ്ടായിരുന്നെങ്കിലും, അവൾ അവയെ തന്റെ ജീവിതത്തിന്റെ അളവുകോലാക്കുകയോ ആത്മീയ മൂല്യങ്ങളുമായി മാറ്റിവയ്ക്കുകയോ ചെയ്തില്ല. അവളുടെ സന്തോഷവും ആത്മസമാധാനവും ധനസമ്പത്തിലും ജനകീയ പ്രശംസയിലും അല്ല, ദൈവസന്നിധിയിലെ ബന്ധത്തിലാണ് ഉറച്ചുനിന്നത്.

ഇതിനാൽ, ഹെഫ്സിബയുടെ ആത്മീയത സ്ഥാനം മാറിയാലും നിലപാട് മാറാത്ത വിശ്വാസം ആയിരുന്നു. കൊട്ടാരത്തിനുള്ളിൽ ആയാലും പുറത്തായാലും, പ്രശസ്തിയുടെയും ആഡംബരത്തിന്റെയും നടുവിലായാലും, അവൾ ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കാൻ ശ്രമിച്ചു. ഈ ദൈവകേന്ദ്രിതമായ ജീവിതമാണ് അവളെ മറ്റുള്ളവർക്കു ആത്മീയ മാതൃകയാക്കിയതും, അവളുടെ വിശ്വാസത്തെ ഭൗതികതയ്ക്കുമുകളിലുള്ള ഒരു ആത്മീയ ഉയരത്തിലേക്ക് ഉയർത്തിയതും. അവളുടെ മനസ്സിന്റെ ശാന്തിയും വിശ്വാസത്തിന്റെ ഉറച്ച നിലപാടും, അവളെ മറ്റുള്ളവർക്കു മാതൃകയാക്കി. അവൾ വലിയ വാക്കുകളോ പ്രകടനങ്ങളോ ചെയ്യാതെ, ദൈവസന്നിധിയിൽ വിശ്വസ്തമായി നിലകൊണ്ട്, തന്റെ കുടുംബത്തിനും രാജ്യത്തിനും ആത്മീയ ശക്തി നൽകി.

ഇതിൽ നിന്ന് നമ്മൾ പഠിക്കുന്നത് എന്തെന്നാൽ: ഒരു വ്യക്തിയുടെ സ്ഥാനം, പ്രശസ്തി, ആഡംബരം എന്നിവയ്ക്ക് ദൈവസന്നിധിയിൽ വലിയ പ്രാധാന്യം വഹിക്കില്ല. മറിച്ച്, ഹൃദയത്തിലുണ്ടാകുന്ന വിശ്വാസം, നിശ്ശബ്ദ സത്യസന്ധത, ആത്മീയ സ്ഥിരത എന്നിവയ്ക്കാണ് ദൈവസന്നിധിയിൽ മൂല്യമുള്ളത്. ഹെഫ്സിബയുടെ ജീവിതം ഇതിന്റെ മികച്ച ഉദാഹരണമാണ്.

ഹെഫ്സിബയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു പ്രധാന സത്യം ഇതാണ്: കുടുംബത്തെ ആത്മീയമായി രൂപപ്പെടുത്തുന്നതിൽ സ്ത്രീയുടെ പങ്ക് അത്യന്തം നിർണായകമാണ്. അവൾ പൊതുവേദികളിൽ നേതൃസ്ഥാനത്ത് നിന്നില്ലെങ്കിലും, കുടുംബത്തിനകത്ത് അവൾ സൃഷ്ടിച്ച ആത്മീയ അന്തരീക്ഷം ദീർഘകാലത്തേക്ക് സ്വാധീനം ചെലുത്തുന്നതായിരുന്നു. പ്രാർത്ഥനയിലൂടെ, ശാന്തമായ ഉപദേശത്തിലൂടെ, ദൈവഭക്തിയുള്ള ജീവിതസാക്ഷ്യത്തിലൂടെ, ഒരു സ്ത്രീ തന്റെ കുടുംബത്തെ ദൈവത്തിലേക്ക് നയിക്കാനാകുമെന്നതിന്റെ തെളിവാണ് ഹെഫ്സിബ.

ലോകത്തിന്റെ കാഴ്ചപ്പാടിൽ വിജയം പലപ്പോഴും സ്ഥാനം, അധികാരം, പ്രശസ്തി, സമ്പത്ത് എന്നിവയുമായി ബന്ധിപ്പിക്കപ്പെടുന്നു. എന്നാൽ ഹെഫ്സിബയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, ദൈവസന്നിധിയിൽ സന്തോഷം നേടുന്ന ഒരു ജീവിതമാണ് യഥാർത്ഥ വിജയം എന്ന സത്യമാണ്. അവളുടെ ജീവിതത്തിൽ വലിയ നേട്ടങ്ങളോ പൊതു അംഗീകാരങ്ങളോ ഉണ്ടായിരുന്നില്ല; എന്നിരുന്നാലും അവൾ ദൈവത്തിന് പ്രിയങ്കരമായ ജീവിതം നയിച്ചു. അതാണ് അവളുടെ യഥാർത്ഥ മഹത്വം.

ഇത് എല്ലാം ഹെഫ്സിബ വലിയ പ്രസംഗങ്ങളിലൂടെയോ ശക്തമായ പ്രവർത്തനങ്ങളിലൂടെയോ അല്ല, നിശ്ശബ്ദവും ശാന്തവുമായ ആത്മീയ ജീവിതത്തിലൂടെയാണ് നമ്മെ പഠിപ്പിച്ചത്. അവളുടെ വിശ്വാസം ആകാംക്ഷകളില്ലാത്തതും വിനയപൂർണ്ണവുമായതും ദൈവത്തിന്റെ ഇഷ്ടത്തിന് കീഴടങ്ങിയതുമായിരുന്നു. അത്തരമൊരു വിശ്വാസജീവിതം തന്നെയാണ് ദൈവത്തിന്റെ കണ്ണിൽ ഏറ്റവും വിലപ്പെട്ടത്.

അതിനാൽ, ഹെഫ്സിബയുടെ ജീവിതം നമ്മോട് പറയുന്ന വലിയ പാഠം ഇതാണ്:

ശബ്ദമില്ലാത്ത വിശ്വാസം പോലും ദൈവസന്നിധിയിൽ ശക്തമായ സാക്ഷ്യമായി മാറുന്നു; നിശ്ശബ്ദവും ശാന്തവുമായ, ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കുന്ന ജീവിതം തന്നെയാണ് യഥാർത്ഥ ആത്മീയ സമ്പത്ത്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

ദനഹായ്ക്കു ശേഷം മൂന്നാം ഞായർ

(വി. യോഹന്നാൻ 3:1–12)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

രാത്രിയിൽ കർത്താവിൻറെ അടുക്കലേക്ക് വരുന്ന പരീശപ്രമാണിയും സന്ദ്രീ സംഘത്തിലെ അംഗവുമായ നിക്കോദിമോസ് പുതിയ അനുഭവങ്ങളാൽ സമ്മാനിതനാകുന്ന സംഭവമാണ് ഇന്നത്തെ പ്രതിപാദ്യ വിഷയം.

മൂന്ന് സന്ദർഭങ്ങളിലാണ് നിക്കോദിമോസ് എന്ന പരീശൻ വേദപുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഒരിക്കൽ യേശുവിന്റെ ഉപദേശത്തെ പിൻതാങ്ങികൊണ്ട് മറ്റ് യഹൂദന്മാരോട് സംസാരിക്കുന്നു (യോഹന്നാൻ 7:50) കർത്താവിന്റെ മൃതശരീരം സംസ്കരിക്കുന്ന സമയത്ത് ധൈര്യമായി നിലപാട് സ്വീകരിച്ചു പവിത്ര കർമ്മം നിർവഹിക്കുന്ന നിക്കോദിമോസിനെ (യോഹന്നാൻ 19:39) നാം കാണുന്നുണ്ട്. മങ്ങിപ്പോയിരുന്ന ദൈവിക പ്രഭ പുതുക്കിയും സുലഭമാക്കിക്കൊണ്ടും അവന്റെ ജീവനെ ദൈവവുമായി ബന്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള ആഹ്വാനമാണ് യേശു നിക്കോദിമോസിനോട് നടത്തുന്നത്. ഇതിനെ വീണ്ടും ജനനം ആയാണ് യേശു തമ്പുരാൻ വിശദീകരിക്കുന്നത്.

അടയാളങ്ങൾ ചെയ്ത യേശുവിനെ ആദരിച്ചുകൊണ്ട് അടുത്തുവരുന്ന നിക്കോദിമോസിനോട് അടയാളങ്ങൾ അല്ല ജീവിതത്തിന്റെ പരിവർത്തനമാണ് ദൈവരാജ്യ പ്രവേശനത്തിനുള്ള മാനദണ്ഡമെന്ന് യേശു അടിവര ഇടുകയാണ്. വീണ്ടും ജനനം അഥവാ വിശുദ്ധ മാമോദീസാ ഒരു വ്യക്തിയുടെ സമ്പൂർണ്ണമായ പരിവർത്തനത്തിന്റെ സൂചനയാണ്. നിക്കോദിമോസിലൂടെ വിശ്വാസ സമൂഹത്തിന് മുൻപിൽ യേശുതമ്പുരാൻ ഒരു ക്ഷണം അവതരിപ്പിക്കുകയാണ്.

യഥാസ്ഥാനപ്പെടുവാനുള്ള ക്ഷണം

ഓരോ വ്യക്തിയും തന്റെ ജീവിതത്തിൽ ആയിരിക്കേണ്ട ഒരു ഇടമുണ്ട്. അന്ധകാരത്തിന്റെ മക്കൾ എന്ന 'ആയിരിക്കുന്ന അവസ്ഥയിൽ' നിന്ന് പ്രകാശത്തിന്റെ മക്കൾ എന്ന 'ആയിരിക്കേണ്ട ഇടത്തേക്കുള്ള' ഒരു പരിവർത്തനമാണ് വീണ്ടും ജനനത്തിലൂടെ സാധ്യമാകുന്നത്. വി. മാമോദീസാ പ്രകാശീകരണത്തിന്റെ (Illumination) കൂദാശയാണ്. വിശുദ്ധ മാമോദിസ ക്രമത്തിൽ ഇപ്രകാരം പറയുന്നു, "ഇനി ഇവൻ ദുഷ്പ്രഭുക്കളെയോ അന്ധകാര ശക്തികളെയോ ഭയപ്പെടുവാൻ ഇടയാകാതെ നിന്റെ തേജസിൽ തന്നെ നടക്കുകയും പ്രകാശത്തിന്റെ (മകനായി) തീരുകയും, നിന്നിൽ കൂടി സഞ്ചരിച്ചുകൊണ്ട് തിരുസന്നിധിയിൽ എത്തിച്ചേരുകയും ചെയ്യേണമേ". ഇരുളിൽ നിന്ന് വെളിച്ചത്തിലേക്കുള്ള ഒരു യഥാസ്ഥാനപ്പെടലാണ് വീണ്ടും ജനനം.

ഉപദേഷ്ടാവാണ് എന്ന ബോധ്യത്തിൽ നിന്ന് മശിഹാ എന്ന തിരിച്ചറിവിലേക്ക് നിക്കോദിമോസ് വളരുന്നതു പോലെ ഓരോ വ്യക്തിയും വീണ്ടും ജനനം ദൈവാവബോധത്തിന്റെ യഥാസ്ഥാനപ്പെടലാണ് എന്ന് മനസ്സിലാക്കണം. വിശുദ്ധ മാമോദിസ പുത്രത്വം എന്ന പദവിയിലേക്കുള്ള ക്ഷണമാണ്. "പുത്രസ്വീകാര്യത്തിന് അർഹനാകുവാൻ ആയി മുദ്രയിടപ്പെടുന്നു" എന്ന പ്രാർത്ഥന ഒരു വ്യക്തിയെ ദൈവത്തിന്റെ മകനായും ഏകജാതനായ യേശുക്രിസ്തുവിന്റെ സഹോദരനായും യഥാസ്ഥാനപ്പെടുത്തുകയാണ്. വിശുദ്ധ മാമോദിസ പുത്രത്വത്തിന്റെ (Sonship) കൂദാശയാണ്. വീണ്ടും ജനനം ഒരുവനെ ആ പദവിയിലേക്ക് യഥാസ്ഥാനപ്പെടുത്തുകയാണ്.

സൃഷ്ടിയുടെ വിശുദ്ധിയിലേക്കുള്ള ക്ഷണം

വെള്ളത്താലും ആത്മാവാലും വീണ്ടും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ കഴിയുകയില്ല എന്നാണ് യേശുക്രിസ്തു നിക്കോദിമോസിന് നൽകുന്ന നിർദ്ദേശം. ജഡീക ജനനത്തിന് അപ്പുറത്ത് ആത്മീയ ജനനത്തെക്കുറിച്ചാണ് യേശുക്രിസ്തു ഉദ്ദേശിക്കുന്നത്. പുതിയ ലോക ക്രമത്തിലേക്ക് വരുമ്പോൾ ഓരോരുവനും ആർജ്ജിച്ചെടുക്കേണ്ട വിശുദ്ധിയുടെയും പുതുക്കത്തിന്റെയും ശക്തമായ ആഹ്വാനം ആണിത് . സൃഷ്ടിയുടെ ആരംഭത്തിങ്കലും ചരിത്രത്തിലെ പുനഃക്രമീകരണങ്ങളിലും ഈ വിശുദ്ധിയിലേക്കും നിഷ്ഠയിലേക്കും ഉള്ള പ്രതിഷ്ഠകൾ നമുക്ക് കാണാവുന്നതാണ്.

സൃഷ്ടി വിവരണത്തിൽ വെള്ളത്തിന് മീതെ പരിവർത്തിച്ചു കൊണ്ടിരുന്ന ആത്മാവിനെ കുറിച്ച് ഉള്ള വിവരണം നാം കാണുന്നുണ്ട്. ദൈവത്തിന്റെ സർവ്വാധിപത്യത്തിന്റെയും സൃഷ്ടിയിങ്കൽ ഉള്ള വിശുദ്ധിയുടെയും ശക്തമായ സൂചനയാണിത്. നോഹയുടെ കാലത്ത് വെള്ളത്തിൽ കൂടി രക്ഷ പ്രാപിച്ചതു സ്നാനത്തിന്റെ മുൻ കുറി എന്ന് പത്രോസ് അപ്പൊസ്തോലൻ ഓർപ്പിക്കുന്നുണ്ട്. (1 പത്രോസ് 3:21) വിശുദ്ധിയിലേക്ക് ജനതയെ തിരികെ കൊണ്ട് വരുന്ന ഈ ഇടപെടലിനെ ദൈവാത്മ പ്രവർത്തനത്താലും വെള്ളത്താലും ഉള്ള പുതുക്കമായി നമുക്കു മനസ്സിലാക്കാം. ചെങ്കടൽ കടന്ന ഇസ്രായേൽ ജനതയും വെള്ളത്തിൽ കൂടി പുതിയ ജീവിതക്രമത്തിലേക്ക് കടക്കുന്ന സൂചനകൾ നമുക്ക് കാണാം (1 കൊരി. 10: 1–4).

ജഡത്തിന്റെ സ്വഭാവങ്ങളും അഭിലാഷങ്ങളും ഉപേക്ഷിച്ച് ആത്മാവിൻറെ ഫലങ്ങൾക്ക് അനുസൃതമായ ഒരു ജീവിതക്രമത്തിലേക്ക് ഒരു വിശ്വാസി വീണ്ടും ജനനത്തിലൂടെ ഉയർത്തപ്പെടുന്നു എന്നാണ് ഈ പ്രക്രിയ അർത്ഥമാക്കുന്നത്. ഒരുപക്ഷേ സൃഷ്ടിയുടെ ആരംഭത്തിങ്കൽ സൃഷ്ടാവ് മനുഷ്യനെക്കുറിച്ച് ആഗ്രഹിക്കുന്നത് ഇത്തരമൊരു അനുഭവമാകാം. വീണ്ടും ജനനം പുതിയ സൃഷ്ടിയുടെ ആരംഭം കൂടിയാണ്.

❑

Church Calendar

Unless One is Born Anew

3rd Sunday after the Epiphany

(St. John 3:1-12)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

During the public ministry of Jesus Christ, many individuals approached Him with various needs. Sometimes they were the sick, or those suffering from different kinds of hardships. Whoever approached Him usually returned with their needs fulfilled. However, the event pointed out in today's scripture portion is about a person who approached Him with a different kind of need. In the previous chapter (St. John 2:23-25), we see many individuals coming to a primary level of faith after seeing the miraculous signs performed by Jesus. Nicodemus comes to Jesus as a representative of such people.

Nicodemus

Nicodemus was a leader among the Jews. He is not mentioned in the Synoptic Gospels. He was a Pharisee, a teacher of the law, a member of the Sanhedrin, a scholar, a member of a noble family, and a seeker of truth. It can be believed that Nicodemus was among those who believed in Him in the previous chapter.

However, at that time, this man's faith was not complete. The sermons and deeds of Jesus attracted him more toward His presence. Consequently, he desired to know the Lord more closely. He might have feared the Jewish leaders to become a disciple of the Lord publicly; that is why he went to the Lord at night so that no one would see. We can understand from St. John 12:42 that there were other members of the Sanhedrin who believed in the Lord like him. He gradually grew in his faith in Christ. In St. John 7:51, we see him arguing for Jesus in the Sanhedrin council. Gradually growing in faith, by the time of the Crucifixion, he came forward with courage and played a major role in the burial of the Lord.

Nicodemus came to Jesus and said: "Rabbi, we know that you are a teacher who has come from God. For no one could perform the signs you are doing if God were not with him." Then Jesus answered him: "Unless one is born anew, no one can see the Kingdom of God." The meaning of the question in Nicodemus's previous sentence was whether He was truly the Messiah, and if so, what His teachings were. The Lord gives the answer to that. What is meant by the "Kingdom of God" is the Christian Church, and "Born Anew" refers to Baptism.

Then Nicodemus asked again: "How can a man be born when he is old? Can he enter a second time into his mother's womb and be born?" Jesus gave the answer: "Unless one is born of water and the Spirit, no one can enter the Kingdom of God."

Holy Baptism: Rebirth through Water and Spirit

Holy Baptism The Syriac word for Baptism, Mamodisa, means "immersion" or "washing." In Jewish tradition, purification rituals using water were common (Leviticus 8:6). The Essene monastic community also practiced washings with water. John the Baptist was an individual from such a background. At the beginning of creation, the Spirit of God moved over the waters. This same Holy Spirit moves within the waters of Baptism, transforming the old creation into a New Creation (St. John 3:5-6). Holy Baptism is the sign of "putting on" the new man in Christ (Galatians 3:27).

Water is sufficient to wash away and cleanse all physical dirt. Pure water also reflects the image of the person looking into it. Therefore, water is a very appropriate element to symbolize the washing away of a person's sinful impurities and transforming that individual into a new person. Based on such various reasons, it has been ordained that Baptism must be in water. Through Christian Baptism, one receives the forgiveness of sins and the Holy Spirit.

Holy Baptism is the sign of the new birth in Christ. To be born anew is to become a reflection of the life of Christ. Being born anew is not by one's own ability but by God's Grace. In the Sedra prayer of the Holy Baptism service, we pray: "O Lord, strip away the old man from this person; let them enter into the sonship of the new birth. Make them brothers of Your Only-Begotten Son; make them children of light."

In the prayer offered while signing the cross over the water during Holy Baptism, it is prayed: "May this water become water of comfort, water of joy and gladness, water that typifies the death and resurrection of Your

Only-Begotten Son, and water that cleanses."

Jesus rebukes the wonder felt by Nicodemus regarding the teaching of being born anew. The terms "Baptism" and "Born Anew" were not unfamiliar to him. It was a Jewish custom to immerse Gentiles in water to make them Jews, and they referred to this as "rebirth." Therefore, Nicodemus should have been capable of understanding the spiritual transformation intended by the Lord through the term "born anew."

To help him understand this, since it was difficult for Nicodemus, the Lord uses the example of the wind as evidence that there are things in the world that are difficult to comprehend and invisible. Although we can know the direction and power of the wind, it is not possible to see it or determine its beginning and its end. Similar is the experience of the gift of the Holy Spirit and the new birth. Even if these are not visible to us, it is possible for us to experience the direction and power of a person who has received them.

Holy Baptism: Birth from Darkness to Light

Nicodemus and the Symbolism of Night The reason Nicodemus approached Jesus at night may have been out of fear of other Jewish leaders, or perhaps because the night was considered an appropriate time for the quiet study of the Scriptures. However, symbolically, the "night" represents a state of darkness, unbelief, and ignorance. In contrast, Judas, who was with Jesus (the Light), left the Light and went out into the darkness (St. John 13:30). Nicodemus, however, was coming out of the darkness and moving toward the Light.

The "Old Man" vs. The "New Creation" In the Sedra prayer of the Holy Baptism service, we pray: "O Lord, may the old man be stripped away from him/her." The "old man," who was a slave to sin, becomes a new creation of holiness in Christ through Holy Baptism.

"But you are a chosen generation, a royal priesthood, a holy nation, His own special people, that you may proclaim the praises of Him who called you out of darkness into His marvelous light" (1 Peter 2:9).

The Prayer for Illumination In one of the secret prayers (m'shamsanitho) of the Holy Baptism service, the celebrant prays: "O Lord, cause Your light to shine in the heart of this Your worshipper, so that they may be set free from the slavery of sin."

Through this prayer, we ask that God's light shine within the person who was held captive by darkness, making them free and sanctifying them.

The Garment of Light As a symbol of becoming "children of light" through Holy Baptism, the candidate is clothed in a white garment after the immersion, with the prayer: "Clothe him/her in the garment of light." Through the birth by water and the Spirit in Holy Baptism, a person is born out of darkness into the light. Thus, an individual is united with Christ and His body, the Church, entering into a new life guided by the Spirit. By being joined to the Body of Christ, they become children of light.

മാവേലിക്കര, പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിന്റെ സ്വപ്നഭവനം പദ്ധതിയിലൂടെ നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ കൂദാശ ഗീവർഗ്ഗീസ് മാർ കൂറിലോസ് നിർവഹിക്കുന്നു.

മൈസൂർ ശ്രീ സുത്തൂർ മഠത്തിൽ നടക്കുന്ന ജാത്ര മഹോത്സവത്തിൽ ഡോ ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ മുഖ്യാതിഥി ആയി പങ്കെത്തു. ശ്രീ സുത്തൂർ മഠാധിപതി ജഗദ് ഗുരു ശ്രീ ശിവരാത്രി ദേക്ഷികേന്ദ്ര മഹാസ്വാമിജി സമീപം.

ഞാലിയാകുഴി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി, ഗീവർഗീസ് മാർ ഈവാനിയോസിന്റെ സ്മരണാർഥം ഏർപ്പെടുത്തിയിരിക്കുന്ന കോട്ടയം ഓർത്തഡോക്സ് സെമിനാരി ബെസ്റ്റ് ഔട്ട്ഗോയിംഗ് സ്റ്റുഡന്റിനുള്ള (2021-25) അവാർഡിന് മഞ്ഞക്കാല, മാർ ശെമവൂൻ ദെസ്തൂനി ഓർത്തഡോക്സ് ഇടവകയിലെ ഡീക്കൻ സോണി സാമുവൽ അർഹനായി.

എത്യോപ്യയിൽ നിന്നുള്ള വിദ്യാർത്ഥി സംഘം പരുമല സെമിനാരി സന്ദർശിച്ചു.

ചക്രവർത്തി കൾട്ട്

(The Emperor Cult)

ആദിമ സഭയുടെ പശ്ചാത്തലത്തിൽ

ഫാ. അജീഷ് ബാബു

പ്രാചീന ഗ്രീക്ക് റോമൻ ലോകത്ത് "ദൈവം" എന്ന ആശയം ക്രൈസ്തവ ദൈവശാസ്ത്രത്തിൽ കാണുന്ന പോലെ ഒരു സിദ്ധാന്തപരമായ വിശ്വാസ പ്രഖ്യാപനം മാത്രമായിരുന്നില്ല. പ്രത്യേകിച്ച് റോമൻ മതപരമ്പരയിൽ, വിശ്വാസത്തേക്കാൾ (belief) പ്രവൃത്തിക്കാണ് (practice/action) മുൻഗണന ഉണ്ടായിരുന്നത്. ദൈവങ്ങളെക്കുറിച്ച് എന്ത് ചിന്തിച്ചു എന്നതിലേക്കാൾ, അവരോടുള്ള ബന്ധത്തിൽ മനുഷ്യർ എന്ത് ചെയ്തു എന്നതാണ് മതത്തിന്റെ കേന്ദ്രബിന്ദു. ഈ പശ്ചാത്തലത്തിലാണ് ചക്രവർത്തി കൾട്ട് (Imperial Cult) എന്ന ആശയം രൂപപ്പെടുന്നതും വികസിക്കുന്നതും.

ദൈവത്വം: ജന്മസിദ്ധതയും സമ്പാദിതത്വവും മുൻനിർത്തിയാണ്.

പ്രശസ്തനായ റോമൻ വാഗ്മിയായ ക്വിന്റിലിയൻ (ക്രി.വ. 35100) Institutes of Oratory എന്ന കൃതിയിൽ ദൈവങ്ങളെ രണ്ട് വിഭാഗങ്ങളായി നിരീക്ഷിക്കുന്നു:

ഒന്നാമത്, ദൈവങ്ങൾ ജനിക്കുന്നു, ഇത് ഗ്രീക്ക് റോമൻ പുരാണങ്ങളിലെ പരമ്പരാഗത ദൈവങ്ങൾ.

രണ്ടാമത്, പ്രവർത്തികളെ മുൻനിർത്തിയാണ് ഇവിടെ വീര്യവും ധൈര്യവും പ്രധാനപ്പെട്ടതാണ്.

അതിനാൽ ദൈവത്വം ഒരു ജന്മസിദ്ധ അവസ്ഥ മാത്രമല്ല, മറിച്ച് മനുഷ്യ ജീവിതത്തിൽ സമ്പാദിക്കാവുന്ന ഒരു സ്ഥാനം കൂടിയാണെന്ന് വ്യക്തമാകുന്നു. ഡൊമീഷ്യന്റെ പിതാവായ വെസ്പേഷ്യനും സഹോദരനായ ടൈറ്റസും മരണാനന്തരം ദൈവീകരിക്കപ്പെട്ടവരാണ്.

ദൈവീകരണവും റോമൻ സെനറ്റും

സാധാരണയായി, ഒരു ചക്രവർത്തിയെ ഔദ്യോഗികമായി ദൈവമായി പ്രഖ്യാപിച്ചത് അദ്ദേഹത്തിന്റെ മരണത്തിനു ശേഷം റോമൻ സെനറ്റിന്റെ തീരുമാനത്തിലൂടെയായിരുന്നു. എന്നാൽ ഇത് ഒരു മനുഷ്യനെ കൃത്രിമമായി ദൈവമാക്കുന്ന നടപടിയായി കാണുന്നതിനെക്കാൾ, ജീവിച്ചിരിക്കുമ്പോൾ തന്നെ പ്രകടമായിരുന്ന ദൈവിക ഗുണങ്ങളെ അംഗീകരിക്കുന്ന ഔദ്യോഗിക പ്രഖ്യാപനമായി മനസ്സിലാക്കുന്നതാണ് കൂടുതൽ യുക്തിയുക്തം.

ഈ ദൈവീകരണം സാധാരണയായി ശക്തി (power), ഉപകാരപ്രദത (benefaction), സാമ്രാജ്യത്തിന് നൽകിയ സംഭാവനകൾ എന്നിവയെ അടിസ്ഥാനമാക്കിയായിരുന്നു. "ദുഷ്ട" ചക്രവർത്തിമാർ ഈ ബഹുമതിക്ക് അർഹരായില്ല; എന്നാൽ "നല്ല" ചക്രവർത്തികൾക്ക് ദൈവിക ബഹുമതികൾ ലഭിച്ചു.

ജീവിച്ചിരിക്കെയുള്ള ദൈവാരാധനയും ശിലാലേഖനങ്ങളും

റോമൻ ലോകത്ത് ദൈവീകരണം മരണാനന്തര സംഭവമായി മാത്രം പരിമിതമായിരുന്നില്ല. പല ചക്രവർത്തികളും ജീവിച്ചിരിക്കുമ്പോഴുതന്നെ ദൈവങ്ങളായി ആരാധിക്കപ്പെട്ടു. ഇതിന് ശക്തമായ തെളിവുകളാണ് ശിലാലേഖനങ്ങൾ.

പെർഗമോൺ നഗരത്തിലെ ശിലാലേഖനം "ദൈവമായ അഗസ്റ്റസ് സീസർ" എന്ന പദപ്രയോഗം ഉപയോഗിക്കുന്നു. അതുപോലെ, മൈലേറ്റസ് നഗരത്തിലെ ഒരു ശിലാലേഖനം ഗായസ് സീസർ ജർമാനിക്കസിന് (കലിഗുല) സമർപ്പിച്ചതാണ്. ഈ ശിലാലേഖനം അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ നിർമ്മിക്കപ്പെട്ടതാണെന്ന വസ്തുത, ജീവിച്ചിരിക്കെയുള്ള ചക്രവർത്തി ആരാധന റോമൻ മതജീവിതത്തിന്റെ ഭാഗമായിരുന്നുവെന്ന് വ്യക്തമാക്കുന്നു.

പഴയ പണ്ഡിതദർശനവും പുതിയ പഠനങ്ങളും

പഴയ ഗവേഷണധാരകൾ ചക്രവർത്തി കൾട്ടിനെ പ്രധാനമായും രാജ്യ പ്രചാരണത്തിന്റെ (imperial propaganda) ഭാഗമായി വിലയിരുത്തിയിരുന്നു. ചക്രവർത്തി ദൈവമാണെന്നത് പൊതുജനങ്ങൾ യഥാർത്ഥത്തിൽ വിശ്വസിച്ചിരുന്നില്ലെന്നും, രാഷ്ട്രീയ സമ്മർദ്ദം മൂലം ആരാധനയിൽ പങ്കെടുത്തിരുന്നുവെന്നുമായിരുന്നു ആ നിലപാട്. റോമൻ മതത്തിൽ "വിശ്വാസം" എന്ന വിഭാഗം ക്രൈസ്തവ ധാരണയിൽ പോലെ പ്രസക്തമല്ലായിരുന്നു. ആരാധനാചരണങ്ങൾ ദൈവത്തോടുള്ള യഥാർത്ഥ സമീപനത്തിന്റെ സൂചകമായിരുന്നു. അതിനാൽ, ജനങ്ങൾ വിശ്വസിച്ചിരുന്നോ ഇല്ലയോ എന്നതിലുപരി, അവർ ചക്രവർത്തിയെ ദൈവങ്ങളെ പോലെ തന്നെ പെരുമാറിയിരുന്നു എന്നതാണ് പ്രധാനം.

Genius, Numen, Benefaction

ചക്രവർത്തിക്ക് അർപ്പിച്ച ആരാധന എല്ലായ്പ്പോഴും വ്യക്തിപരമായ ദൈവത്വത്തിലേക്കായിരുന്നില്ല. പലപ്പോഴും അത് അദ്ദേഹത്തിന്റെ genius (ജീവശക്തി), numen (അന്തര്യത്തിലുള്ള ദൈവിക ശക്തി) എന്നിവയ്ക്കായിരുന്നു. ഈ ദൈവിക ശക്തി തന്നെയാണ് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കിയത്.

റോമൻ ലോകമാകെ ലഭ്യമായ ശിലാലേഖനങ്ങളിൽ benefaction എന്ന ആശയം ശക്തമായി പ്രതിഫലിക്കുന്നു. ശക്തനായ ഭരണാധികാരി തന്റെ കഴിവുകൾ ജനങ്ങളുടെ നന്മയ്ക്കായി ഉപയോഗിക്കുന്നവനാകുമ്പോൾ, അവനെ ദൈവികനായി കണക്കാക്കുന്നത് സ്വാഭാവികമായിരുന്നു. ആന്റിയോകസ് III നും "രക്ഷകൻ" എന്ന ആശയവും ചക്രവർത്തി കൾട്ടിന് പുറത്തായിട്ടും.

രണ്ടാം നൂറ്റാണ്ട് കി.മു, സിറിയൻ ഭരണാധികാരിയായ ആന്റിയോകസ് III, ടിയാസ് നഗരത്തെ വിദേശാധിപത്യത്തിൽ നിന്ന് മോചിപ്പിച്ചതിനുശേഷം, ദിയോണിസോസിന്റെ ക്ഷേത്രത്തിൽ അദ്ദേഹത്തിനും ഭാര്യ ലാവോദികെയ്ക്കും പ്രതിമകൾ സ്ഥാപിക്കപ്പെട്ടു. അവരെ നഗരത്തിന്റെ "രക്ഷകർ" (saviors) എന്ന നിലയിൽ ആദരിച്ചു.

ഇതേ മാതൃകയാണ് പിന്നീട് റോമൻ ചക്രവർത്തിമാരിലും കാണുന്നത്.

അഗസ്റ്റസ്, “സുവിശേഷം”, ക്രൈസ്തവ പശ്ചാത്തലം

അഗസ്റ്റസിന്റെ ജന്മദിനം “മനുഷ്യകുലത്തിന് ലഭിച്ച നല്ല വാർത്ത” എന്ന നിലയിൽ ആഘോഷിക്കപ്പെട്ടതായി ശിലാലേഖനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹത്തെ “യുദ്ധങ്ങൾക്ക് അവസാനം വരുത്തിയ രക്ഷകൻ” എന്നും വിശേഷിപ്പിക്കുന്നു. “ദൈവത്തിന്റെ ജനനം ലോകത്തിന് സുവിശേഷത്തിന്റെ തുടക്കമായിരുന്നു” എന്ന ഭാഷാശൈലി ശ്രദ്ധേയമാണ്.

ഈ ഭാഷ ക്രൈസ്തവ വായനക്കാർക്ക് പരിചിതമായി തോന്നുന്നത് യാദൃശ്ചികമല്ല. “രക്ഷകൻ”, “സുവിശേഷം”, “ദൈവപുത്രൻ” തുടങ്ങിയ പദങ്ങൾ ക്രിസ്തീയ വിശ്വാസത്തിൽ പ്രവേശിക്കുന്നത്, റോമൻ സാമ്രാജ്യത്തിന്റെ മത രാഷ്ട്രീയ ഭാഷാപരിസരത്തോടുള്ള സംവാദത്തിലൂടെയാണ്.

റോമൻ ചക്രവർത്തി കൾട്ട്, ഒരു കൃത്രിമ രാഷ്ട്രീയ നാടകമല്ല; മറിച്ച് പ്രാചീന ലോകത്തിന്റെ മതചിന്തയും രാഷ്ട്രീയ ബോധവും ചേർന്നുണ്ടാക്കിയ യാഥാർത്ഥ്യമാണ്. ദൈവത്വം ഇവിടെ ഒരു തത്വശാസ്ത്ര സിദ്ധാന്തമല്ല, മറിച്ച് ശക്തിയും ഉപകാരപ്രദതയും രക്ഷാപ്രവർത്തനവും അംഗീകരിക്കുന്ന സാമൂഹിക മതപരമായ പ്രഖ്യാപനമാണ്.

ഈ പശ്ചാത്തലത്തിലാണ്, ആദിമ ക്രൈസ്തവ സഭ “യേശുവാണ് കർത്താവ്” എന്ന് പ്രഖ്യാപിക്കുമ്പോൾ, അത് ഒരു ആത്മീയ വിശ്വാസവാക്യത്തിനൊപ്പം റോമൻ സാമ്രാജ്യ ദൈവീകരണ സംവിധാനത്തോടുള്ള പ്രതിവാദവും വെല്ലുവിളിയും ആയിത്തീരുന്നത്.

സെന്റ് സ്റ്റീഫൻസ് അവാർഡ് വെല്ലൂർ സ്നേഹഭവന്

പന്തളം: കുടശനാട് മാർ സ്തേഫാനോസ് സഹദായുടെ നാമത്തിലുള്ള പുരസ്കാരമായ സെന്റ് സ്റ്റീഫൻസ് അവാർഡിന് വെല്ലൂർ സ്നേഹഭവൻ അർഹമായി.

സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ തീർഥാടന കേന്ദ്രത്തിലെ പടിഞ്ഞാറുഭാഗം യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നൽകുന്ന അവാർഡ്, കത്തീഡ്രൽ പെരുന്നാളിനോടനുബന്ധിച്ചു നടന്ന ചടങ്ങിൽ ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് സമ്മാനിച്ചു. സ്നേഹഭവൻ ഡയറക്ടർ ഫാ. സജു ഉണ്ണുണ്ണി ഏറ്റുവാങ്ങി.

തമിഴ്നാട്ടിലെ വെല്ലൂർ സിഎം സി ആശുപ്രതിയോടു ചേർന്നു പ്രവർത്തിക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മദ്രാസ് ഭദ്രാസനത്തിനു കീഴിലുള്ള ഗൈഡൻസ് സെന്ററാണ് സ്നേഹഭവൻ. കാൻസർ അടക്കമുള്ള രോഗങ്ങളുടെ വിദഗ്ധ ചികിത്സയ്ക്കെത്തുന്നവർക്കു കഴിഞ്ഞ 35 വർഷമായി സേവനം നൽകി വരുന്നു. മദ്രാസ് ഭദ്രാസനത്തിന് കീഴിലു

സിസ്റ്റർ ഷൈനോ അന്തരിച്ചു

തുമ്പമൺ സെന്റ് മേരീസ് കോൺവെന്റ് അംഗം സിസ്റ്റർ ഷൈനോ (അന്നമ്മ, 87) അന്തരിച്ചു. കൈപ്പട്ടൂർ വട്ടത്തുണ്ടിൽ കുടുംബാംഗമാണ്.

സഹോദരങ്ങൾ: പരേതരായ കുഞ്ഞമ്മ, ഏലിയാമ്മ, ശോശാമ്മ, ഡാനിയൽ, വർഗീസ്. സംസ്കാരം ശനിയാഴ്ച 2-ന് കോൺവന്റിൽ.

പുസ്തകം

വില്പനയിൽ



സഭാജീവിത നാളാഗമം

(വാല്യം ഒന്ന്)

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

20-ാം നൂറ്റാണ്ട് ദർശിച്ച അപൂർവ്വ പ്രതിഭകളിൽ ഒരാളായ, സ്വന്തവും ചിന്താബന്ധുരവുമായ ഒരു ജീവിതദർശനം കേരളീയ സമൂഹത്തിനു നൽകിയ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 1956-1961 കാലത്തെ ഡയറിക്കുറിപ്പുകളുടെ സമാഹാരം. 350 പേജ്. വില 400 രൂപ. പരിമിതമായ കോപ്പികൾ മാത്രം.

2026 ജനുവരി 10-നു പ്രസിദ്ധീകരിക്കുന്നു. ജനുവരി 10-നു മുമ്പ് പണമടച്ച് ബുക്ക് ചെയ്യുന്നവർക്ക് 320 രൂപയ്ക്ക് തപാലിൽ ലഭിക്കുന്നു.

പ്രസാധകർ: **ജ്യോതിസ്സ് പബ്ലിക്കേഷൻസ്, ജ്യോതിസ്സ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ**

കോപ്പികൾക്കു 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.



മലബാർ ഭദ്രാസന കൺവെൻഷന് ചുങ്കത്തറയിൽ തുടക്കമായി. മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പക്കോമിയോസ് 53-ാമത് മലബാർ ഭദ്രാസന കൺവെൻഷന്റെ ഉദ്ഘാടനം നിർവഹിച്ചു.

ലോക ഇന്റർവെൻഷണൽ റേഡിയോളജി ദിനത്തോടനുബന്ധിച്ച് പരുമല ആശുപത്രി ഫിസിഷ്യൻസ് മീറ്റ് സംഘടിപ്പിച്ചു. 'രോഗീപരിചരണത്തിലെ നൂതന ആശയങ്ങൾ' എന്ന പ്രമേയത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. പരുമല ആശുപത്രി സി.ഇ.ഒ ഫാ. എം. സി പൗലോസ് അധ്യക്ഷത വഹിച്ചു. ആലപ്പുഴ ജില്ലാ കളക്ടർ അലക്സ് വർഗീസ് IAS സമ്മേളനം ഉദ്ഘാടനം ചെയ്തു. പുതിയ ഇന്റർവെൻഷണൽ റേഡിയോളജി (IR) വിഭാഗത്തിന്റെ ബ്രോഷർ കളക്ടർ പ്രകാശനം ചെയ്തു.

പുസ്തകം



Devotional Commentary on Psalms

Fr. Dr. T. J. Joshua

Translated by Prof. Babu Zachariah

Published by Abraham Chacko P. Mob: 9920766855

Rs. 300/-

Kerala postal circle Philatelics Exhibition 2026-ന്റെ ഭാഗമായി Government of India, Department of Posts, ശതാബ്ദി നിറവിലായിരിക്കുന്ന Ernakulam St. Mary's Orthodox Cathedral നുള്ള ബഹുമാനാർത്ഥം റിലീസ് ചെയ്യുന്ന സ്പെഷ്യൽ പോസ്റ്റർ കവറിന്റെ പ്രകാശന കർമ്മം കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യാക്കോബ് മാർ ഐറേനിയോസ് എറണാകുളം ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ നിർവ്വഹിക്കുന്നു.

സപ്തതിയുടെ നിറവിൽ കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് മഹാ ഇടവക. സപ്തതി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് സപ്തതി ലോഗോയുടെ പ്രകാശനകർമ്മം മഹാ ഇടവക വികാരി ഫാ. ഡോ. ബിജു ജോർജ്ജ് പാറയ്ക്കൽ നിർവ്വഹിച്ചു.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

- പ. പരുമല തിരുമേനി